കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി പി3-35/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
തിയ്യതി: 14/02/2019

e-mail:dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : – മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി പി3-35/2019

തിയ്യതി: 14/02/2019

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 20 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.12.2018 മുതൽ 01.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നവാസ് കെ.എം | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി കെ.കെ ബിന്ദു<br>ശ്രീ.പി.ഷാജി | അസി.ഓഡിറ്റ് ഓഫീസർ<br>സീനിർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.പി.ജയൻ | ഓഡിറ്റർ |
| | | ശ്രീമതി.ഇന്ദു.കെ.നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് | ഇപ്പോഴത്തെ വിലാസം | സ്ഥിര വിലാസം |
|---|---|---|---|---|
| ശ്രീമതി. ഗിരിജ | പ്രസിഡണ്ട് | 01.04.2017- | ചേലൂര് വീട്, | ചേലൂര് വീട്, |

| | | | | |
|---|---|---|---|---|
| കൃഷ്ണൻ | | 31.03.2018 | പാടിച്ചിറ പി.ഒ | പാടിച്ചിറ പി.ഒ |
| പി.ജയരാജൻ | സെക്രട്ടറി | 01.04.2017 – 27.06.2017 | സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പനമരം | ആയിപ്പൊയിൽ കമ്മന.പ.ഒ മാനന്തവാടി |
| ബീന വർഗ്ഗീസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 28.06.2017-01.07.2017 | അസ്സി.സെക്രട്ടറി, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് | തലച്ചിറ വീട് നല്ലൂർനാട് .പി.ഒ മാനന്തവാടി |
| എൻ.എ.ജയരാജൻ | സെക്രട്ടറി | 03.07.2017-31.03.2018 | സെക്രട്ടറി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | സ്നേഹ നിവാസ് കല്ലുമുട്ടംകുന്ന്.പി.ഒ മാനന്തവാടി |
| ഫ്രാൻസീസ് ജോസഫ് | കൃഷി ഓഫീസർ | ¼/2017 -31/7/2017 | | |
| ഉഷാകുമാരി | | 31/7/2017-4/12/2017 | | |
| ടാനി തോമസ് | | 04/12/2017 – 31/03/2018 | രായമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം | മുണ്ടൻചേരി വീട്, മസ്ജിദ് റോഡ്, HMT കോളനി, കളമശേരി, എറണാകുളം |
| ഡോ ഹാരിഫ് | സിനിയർ വെറ്റിനറി സർജ്ജൻ | 01.04.2017 31.03.2018 | ഗവ. വെറ്റിനറി ഡിസ്പൻസറി ഇരുളം | ചെരുവിൽ വീട്, കോട്ടക്കുന്ന്, സുൽത്താൻ ബത്തേരി |

| | | | | |
|---|---|---|---|---|
| ഗിരിജ കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2017-01.05.2017 | പൂതാടി | പുത്തൻകണ്ടത്തിൽ ,കളനാടിക്കൊല്ലി, പുൽപ്പള്ളി |
| വൽസ കെ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02/05/2017 – 31/03/2018 | നെൻമേനി ഗ്രാമപഞ്ചായത്ത് | പടിക്കമാലിൽ വീട്, കുമ്പളേരി പി.ഒ, മീനങ്ങാടി |
| ഡോ. അബ്ദുറഹ്മാൻകുട്ടി വി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 14/07/2016 – ¼/2017-31/3/2017 | ഗവ. പി.എച്ച്.സി പാടിച്ചിറ | കാട്ടിൽ വീട്, കൊടക്കാട് പി.ഒ, മലപ്പുറം |
| ഡോ.രഞ്ജിത് ചന്ദ്ര | മെഡിക്കൽ ഓഫീസർ ഹോമിയോ | 23/06/2015 –1/2/2017-31/3/2017 തുടരുന്നു | ഗവ ഹോമിയോ ഡിസ്പൻസറി മുള്ളൻകൊല്ലി | തുഷാരം വീട്, കുപ്പാടി പി.ഒ |
| ഡോ.ചന്ദു എസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 13/07/2015 – 1/2/2017-31/3/2017 തുടരുന്നു | ആയുർവ്വേദ ഡിസ്പൻസറി, സീതാമൌണ്ട് | തിരുവോണം വീട്, മിതൃമല പി.ഒ, തിരുവനന്തപുരം, 695610 |
| രമ്യ അരവിന്ദ് | അസ്സി.എഞ്ചിനീയർ | 01.04.2017- 20.11.2017 | അസ്സി.എഞ്ചിനീയർ<br>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറേ മൂലശ്ശേരിയിൽ<br>സീതാമൌണ്ട്.പി.ഒ |
| ദ്വൊരസ്വാമി | അസ്സി.എഞ്ചിനീയർ | 21.11.2017-16.02.2018 | അസ്സി.എഞ്ചിനീയർ<br>വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്<br>കട്ടയാട്.പി.ഒ | അക്ഷയ<br>പുറക്കാടി പൈങ്ങോട്ടിരി<br>നല്ലൂർനാട്.പി.ഒ<br>മാനന്തവാടി-670645 |

| | | | | |
|---|---|---|---|---|
| വിന്നി ജോൺ | അസ്സി. എഞ്ചിനീയർ | 16.02.2018-31.03.2018 | അസ്സി.എഞ്ചിനീയർ<br>പിഡബ്ല്യ.ഡി റോഡ് മെയിൻറനൻസ് സബ് ഡിവിഷൻ , കൽപ്പറ്റ | തൊട്ടിയിൽ<br>പുൽപ്പള്ളി.പി.ഒ<br>പുൽപ്പള്ളി-673579 |
| എ.ജി. ഉണ്ണികൃ-ഷ്ണൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01.04.2017<br>31.03.2018 | മാനേജർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട് | ആല്യമൂല വീട്<br>നടവയൽ.പി.ഒ<br>പിൻ-670721 |
| സാജൻ | | 1/4/2017-12/7/2017 | വി.ഇ.ഒ. തിരുനെല്ലി | പുതുശ്ശേരിയിൽ വീട്, പുൽപ്പള്ളി |
| ബിനീഷ് വർഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13.07.2017<br>24.06.2018 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>തരിയോട് ഗ്രാമപഞ്ചായത്ത് | തൈക്കണ്ടിൽ<br>ഭൂതാനം കോളനി.പി.ഒ<br>പുൽപ്പള്ളി-673579 |
| ബീന വർഗ്ഗീസ് | അസ്സി.സെക്രട്ടറി | 01.04.2018 – 31.03.2018 | അസ്സി.സെക്രട്ടറി<br>തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് | തലച്ചിറ വീട്<br>നല്ലൂർനാട് .പി.ഒ<br>മാനന്തവാടി |
| മേരിക്കുട്ടി എബ്രഹാം | ഹെഡ്മാസ്റ്റർ | 01.04.2017-17.07.17 | റിട്ടയേർഡ് | പള്ളിക്കാമാലിൽ, പുൽപ്പള്ളി(പി.ഒ), പാലമൂല |
| എം.ടി.മാത്യു | ഹെഡ്മാസ്റ്റർ | 18.07.2017 -31.03.2018 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ മരക്കടവ് | മൈലാക്കൽ, പയ്യമ്പള്ളി.പി.ഒ |

| | | | | |
|---|---|---|---|---|
| | | | മരക്കടവ്.പി.ഒ , 673.579 | |

ഉള്ളടക്കം



| | | |
|---|---|---|
| | 1-1 | ബജറ്റ് |
| 2 | 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 3 | 1-2 | വാർഷികധനകാര്യപത്രിക |
| 4 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 5 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം |
| 8 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 9 | 1-8 | ക്ഷേമ പദ്ധതികൾ |
| 10 | 1-9 | ക്യാഷ് പരിശോധന |
| 11 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 12 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 14 | 2-1 | പ്ലാൻ പ്രകാരമുള്ള മുഴുവൻ ഏരിയയ്ക്കും പെർമിറ്റ് ഫീ ഈടാക്കുന്നില്ല |
| 15 | 2-2 | ഡി & ഒ ലൈസൻസ് - സമയക്രമം പാലിക്കുന്നില്ല |
| 16 | 2 | വാർഷിക കണക്കിൽ പരിഹരിക്കാത്തവ |
| 17 | 3-1 | കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. |
| 18 | 3-2 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം മൂന്ന് ലാപ് ടോപ്പുകൾ വിതരണം നടത്തിയില്ല |
| 19 | 3-3 | പ്രധാനമന്ത്രി ആവാസ് യോജന വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. |
| 20 | 3-4 | ഇല്ലിക്കൽ വയൽ കലുങ്ക് നിർമ്മാണം -ടെണ്ടർ കുറവ് വരുത്തിയില്ല-നഷ്ടം-₹ 160995 |
| 21 | 3-5 | ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം-പൊട്ടിച്ചുനീക്കിയ പാറ ഉപയോഗിക്കാത്തത്. |
| 22 | 3-6 | പൊതുമരാമത്ത് പ്രവൃത്തി- പൊതു അപാകതകൾ |
| 23 | 3-7 | കുഴൽകിണർ നിർമ്മാണത്തിന് തുക അടച്ചു.നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 24 | 3-8 | പാതിരി എസ്.സി.കോളനി രാജീവ് ഗാന്ധി കുടിവെള്ളപദ്ധതി -പ്രവർത്തനക്ഷമമല്ല, |

| | | |
|---|---|---|
| | | |
| 25 | 3-9 | തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപനം-പദ്ധതി പൂർത്തീകരിച്ചില്ല. |
| 26 | 3-10 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി പദ്ധതിയിൽ ഉൾപ്പെടാത്ത വാങ്ങലുകൾ-നടപടി ക്രമങ്ങളും പാലിച്ചില്ല |
| 27 | 3-11 | പി.എച്ച്.സി -ക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 28 | 3-12 | വി.ഇ.ഒ രേഖകൾ കൃത്യമായി ഓഡിറ്റിന് ഹാജരാക്കിയില്ല |
| 29 | 3-13 | കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ തുക തിരികെ വാങ്ങിയില്ല. |
| 30 | 3-14 | സമഗ്ര വരൾച്ച നിവാരണ പദ്ധതി - തുക മുഴുവനായും വിനിയോഗിച്ചില്ല. |
| 31 | 3-15 | ഗുണഭോക്തൃ ലിസ്റ്റിന് ഊരുകൂട്ടത്തിന്റെ സാധൂകരണം വാങ്ങിയില്ല. |
| 32 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 35 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 36 | 4-5 | സ്ഥിര നിക്ഷേപം |

| | | |
|---|---|---|
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 39 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 തിയ്യതിയിലെ 1/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.03.2018 തിയ്യതിയിലെ 2/2018 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.04.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം

## നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.06.18 | KSAWYD P2-569/2018 dated 28.06.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13488274 |
| വരവ് | 101049760 |
| ആകെ | 114538034 |
| ചെലവ് | 102643118 |
| നീക്കിയിരിപ്പ് | 11894916 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR ) പ്രകാരം | ആകെ | ചെലവ് (അഎട പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22810000 | 22810000 | 18461891 | 4348109 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3813670 | 3813670 | 3067599 | 746071 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 8217660 | 8217660 | 8095372 | 122288 |
| മെയിൻറനൻസ് ഫണ്ട് (റോഡ്) | 0 | 24977000 | 24977000 | 15294334 | 9682666 |
| മെയിൻറനൻസ് ഫണ്ട് (റോഡിതരം) | 0 | 4921000 | 4921000 | 3366100 | 1554900 |
| ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് | 0 | 10712018 | 10712018 | 7864949 | 2847069 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 20583298 | 20583298 | 6748385 | 13834913 |
| ട്രഷറി ഓൺഫണ്ട്(വി.പി.എഫ്) | 0 | 0 | 0 | 0 | 0 |
| ട്രഷറി ടി.എസ്.ബി(ജനറൽ പർപ്പസ്) | 6241517 | 10803248 | 17044765 | 10735000 | 6309765 (x) |
| സ്പെഷ്യൽ ടി.എസ്.ബി (ജോയിൻറെ വെൻച്വർ) | 0 | 3871300 | 3871300 | 3234509 | 636791 |

(x) (എ.എഫ്.എസ്. പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് – 2699818/- രൂപയാണ്) വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

| ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു. | | | | | | |
|---|---|---|---|---|---|---|
| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
| 231 | 150051375 | 147 | 80750667 | 37 | 47 | 63.6% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5770 | 983645 | 989415 | 984638 | 4777 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22416230 | 22416230 | 22416230 | 0 |
| മെറ്റീരിയൽ ചെലവ് | 0 | 70425 | 70425 | 70425 | 0 |
| പലിശ | 0 | 2245 | 2245 | 0 | 2245 |
| ആകെ | 5770 | 23472545 | 23478315 | 23471293 | 7022 |

# 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14400 | 24 |
| കർഷക തൊഴിലാളി പെൻഷൻ | 5024800 | 1750 |
| വിധവ പെൻഷൻ | 10084300 | 3331 |
| വാർദ്ധക്യകാല പെൻഷൻ | 24467800 | 7748 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3227900 | 1045 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2018ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,374/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ശരിയായി മോണിറ്റർ ചെയ്യുന്നില്ല.ഉദാ. വി.ഇ.ഒ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ. കച്ചവടക്കാരിൽ ഭൂരിഭാഗവും ഡി& ഒലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനമില്ലാതെ വാങ്ങലുകൾ നടത്തുന്നതായും ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വി.ഇ.ഒ ഫയലുകൾ കൃത്യമായി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| | തിയ്യതി | | |
| പെർഫോമൻസ് ഓഡിറ്റ് | 21.11.2018 | 2017-18 | 21.11.2018 |
| അക്കൌണ്ടന്റ് ജനറലിൻറെ ഓഡിറ്റ് | 16.08.2010 | 2005-06 മുതൽ 2009-10 | 04.10.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പ്ലാൻ പ്രകാരമുള്ള മുഴുവൻ ഏരിയയ്ക്കും പെർമിറ്റ് ഫീ ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 11(3) പട്ടിക 2 പ്രകാരം കെട്ടിട നിർമ്മാണത്തിന് പെർമ്മിറ്റ് ഫീസ് കണക്കാക്കുമ്പോൾ ഒരു കെട്ടിടത്തോട് അനുബന്ധിച്ച് വരുന്ന കാർഷെഡ് , ടോയ്‌ലറ്റ് മുതലായവയുടെ വിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തോട് ചേർത്ത് വേണം പെർമ്മിറ്റ് ഫീസ് ഈടാക്കേണ്ടത് .

2017 – 18 ഓഡിറ്റിന്റെ ഭാഗമായി പെർമിറ്റ് അനുബന്ധ ഫയലുകൾ പരിശോധിച്ചതിൽ പ്ലാൻ പ്രകാരമുള്ള മുഴുവൻ ഏരിയയ്ക്കും പെർമിറ്റ് ഫീ ഈടാക്കാത്തതായി കണ്ടു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പെർമിറ്റ് നമ്പർ | അപേക്ഷകന്റെ പേര് | പെർമിറ്റ് പ്രകാരമുള്ള ഏരിയ | പ്ലാൻ പ്രകാരമുള്ള ഏരിയ |
|---|---|---|---|---|
| 1 | A3-BA-83885/2017/ 08.12.2017 | ഷിജോ ജോസ് | 169.2 ച .മീ | 183.41 ച .മീ |
| 2 | A3-BA-60062/2017/ 25.10.2017 | അന്നമ്മ ജോസ് | 159.83 ച .മീ | 176.24 ച .മീ |
| 3 | A3-BA-47571/2017/ 19.09.2017 | ഷിബു തോമസ് | 190 ച .മീ | 204 ച .മീ |
| 4 | A3-BA-48597/2017/ 29.05.2017 | റെജി, നിരപ്പേൽ | 101 ച .മീ | 114 ച .മീ |
| 5 | A3-BA-55651/2018/ 17.03.2018 | എൽസി , മൂപ്പശ്ശേരിയിൽ | 169.5 ച .മീ | 182.63 ച .മീ |

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( /17-18/29.12.2018) നൽകിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ താമസാവശ്യത്തിനുള്ളവയാണെന്നും ഓൺലൈനായി പ്ലാൻ സമർപ്പിച്ചപ്പോൾ പോർച്ചിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെയുള്ള തറവിസ്തീർണ്ണമാണ് പെർമിറ്റ് ഫീ കണക്കാക്കുന്നതിന് പരിഗണിച്ചതെന്നും ആയതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ വന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട് . ചട്ടപ്രകാരം പെർമ്മിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-2 ഡി & ഒ ലൈസൻസ് - സമയക്രമം പാലിക്കുന്നില്ല

2017-18 ഓഡിറ്റിന്റെ ഭാഗമായി ഡി &ഒ ലൈസൻസ് രജിസ്ററർ,ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2017 – 18 വർഷത്തേക്കുള്ള ഡി & ഒ ലൈസൻസ് 2017 മാർച്ച് ഒന്നാം തിയ്യതിക്കകം പുതുക്കേണ്ടതായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ഏപ്രിൽ ഒന്നിനു ശേഷമാണ് ലൈസൻസ് നൽകിയിരിക്കുന്നത് . ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് .

2) ഓഡിറ്റിന് ഹാജരാക്കിയ വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 629 കച്ചവട സ്ഥാപനങ്ങൾ ഉണ്ടെങ്കിലും 294 കച്ചവട സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളൂ . അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് .

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( /17-18 /29.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല . നിലവിൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നില്ല . കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നത്. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും താഴെ പറയുന്ന തുക വിവിധ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റി,ബത്തേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1.അസിസ്റ്റൻറ് സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക | കരാർ പ്രകാരം കേരള വാട്ടർ അതോറിറ്റി പ്രവർത്തിപൂർത്തീകരിക്കേണ്ട |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | തീയതി |
| 1 | 265/2017-18 (SCP)<br>മരക്കടവ് അംബേദ്ക്കർ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 25/2017-18<br>28.3.2018 | 196000 | 31.12.2018 |
| 2 | 163/2017-18 (SCP)<br>കൊളവള്ളി അംബേദ്ക്കർ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 7/2017-18<br>27.10.2017 | 196000 | 31.5.2018 |
| 3 | 164/2017-18 (TSP)<br>ഇടമലപണിയ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 8/2017-18<br>27.10.2017 | 185000 | 31.5.2018 |
| 4 | 165/2017-18 (SCP)<br>കാപ്പിസെറ്റ് മുതലിമാരൻ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 9/2017-18<br>27.10.2017 | 310000 | 31.5.2018 |
| 5 | 166/2017-18 (TSP)<br>ഉദയക്കര കാട്ട്നായ്ക്ക കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 10/2017-18<br>27.10.2017 | 310000 | 31.5.2018 |

| | | | | |
|---|---|---|---|---|
| 6 | 169/2017-18 (SCP)<br>തൊണ്ടനോടി കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 11/2017-18<br>27.10.2017 | 190000 | 31.5.2018 |
| 7 | 170/2017-18 (SCP)<br>മരക്കടവ് കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 12/2017-18<br>27.10.2017 | 190000 | 31.5.2018 |
| 8 | 171/2017-18 (TSP)<br>ചാമപ്പാറ പണിയ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 13/2017-18<br>27.10.2017 | 190000 | 31.5.2018 |
| 9 | 172/2017-18 (SCP)<br>എപിജെ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 14/2017-18<br>27.10.2017 | 190000 | 31.5.2018 |
| 10 | 176/2017-18 (SCP)<br>മാടപ്പള്ളിക്കുന്ന് കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 15/2017-18<br>27.10.2017 | 150000 | 31.5.2018 |
| 11 | 179/2017-18 (SCP)<br>പറുദീസ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | 16/2017-18<br>27.10.2017 | 150000 | 31.5.2018 |
| | | ആകെ | 22,57,000 | |

2. സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക | കരാർ പ്രകാരം<br>കേരള വാട്ടർ അതോറിറ്റി പ്രവർത്തിപൂർത്തീകരിക്കേണ്ട തീയതി |
|---|---|---|---|---|
| 1 | 269/2017-18 (CFC)<br>പാടിച്ചിറ ലൂർദ് നഗർ<br>പൈപ്പ് ലൈൻ നീട്ടൽ | 45/2017-18 28.3.2018 | 250000 | 31.12.2018 |
| 2 | 246/2017-18(CFC)<br>തുരുത്തികവല- പടിഞ്ഞാറെ കവല<br>പൈപ്പ് ലൈൻ നീട്ടൽ | 23/2017-18 27.10.2017 | 250000 | 31.5.2018 |
| 3 | 247/2017-18(CFC)<br>കുറിച്യൻമൂല തേമാനവയൽ<br>പൈപ്പ് ലൈൻ നീട്ടൽ | 22/2017-18 27.10.2017 | 250000 | 31.5.2018 |
| 4 | 251/2017-18(CFC) | 20/2017-18 | 250000 | 31.5.2018 |

| | | | | |
|---|---|---|---|---|
| | പുലരി വെയിറ്റിംഗ് ഷെഡ് പൈപ്പ് ലൈൻ നീട്ടൽ | 27.10.2017 | | |
| 5 | 250/2017-18(CFC)<br>എസ് എൻ ഡി പി കവല- തെങ്ങാട്ടുകവല<br>പൈപ്പ് ലൈൻ നീട്ടൽ | 21/2017-18 27.10.2017,<br>46/2017-18 28.3.2018 | 250000<br>161472 | 31.12.2018 |
| 6 | 270/2017-18(CFC)<br>ചവറ് പുഴ കവല തോട്ട പുറത്ത് കുന്ന്<br>പൈപ്പ് ലൈൻ നീട്ടൽ | 44/2017-18 28.3.2018 | 250000 | 31.12.2018 |
| | | ആകെ | 16,61,472 | |

മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. 3918472/- രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 3-2 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- മൂന്ന് ലാപ് ടോപ്പുകൾ വിതരണം നടത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി .സെക്രട്ടറി

പ്രോജക്ട് നം 146/2017-18 (പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്

ലാപ് ടോപ്പ് വിതരണം)

അടങ്കൽ - 472000 രൂപ

ചെലവ് - 472000 രൂപ(16 X 29500 രൂപ)

(ബിൽനം 24/2017-18 തീയതി 28.3.2018)

ടെണ്ടർ നടപടികളിലൂടെ 16 ലാപ് ടോപ്പുകൾ ബത്തേരി എസ് എം സോഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി.താഴെ പറയുന്ന 13 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്

വിതരണം ചെയ്തു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | രജ്ഞിത ബാലൻ |
| 2 | ഹരിഷ്മ |
| 3 | സൗപർണ്ണിക സത്യൻ |
| 4 | ആശാ ദേവി |
| 5 | സുധ വിശ്വനാഥൻ |
| 6 | ശ്രീജ |
| 7 | ലിദിയ റോസ് |
| 8 | സൗമ്യ |
| 9 | രമ്യ |
| 10 | ശ്യാമിലി |
| 11 | ശ്രീജിത |

| | |
|---|---|
| | |
| 12 | ഷിന്റു |
| 13 | അശ്വതി വിജയൻ |

13 ഗുണഭോക്താക്കൾക്കായി 16 ലാപ് ടോപ്പുകൾ വാങ്ങി. മൂന്ന് ലാപ് ടോപ്പുകൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ വിതരണം നടത്തിയില്ല.മൂന്ന് ലാപ് ടോപ്പുകളുടെ വിലയായ (3 X 29500/- രൂപ = 88500/- രൂപ) 88500/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 പ്രധാനമന്ത്രി ആവാസ് യോജന വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും താഴെ പറയുന്ന തുക പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിക്കായി പനമരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണം – സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം | വൗച്ചർ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 9/2017-18 (scp ) | 21701145/29.6.17 | 20000 |
| 2 | 10/2017-18(tsp) | 21701146/29.6.17 | 9,75,000 |
| 3 | 8/2017-18(general) | 21701144/29.6.17 | 140000 |
| | | ആകെ | 11,35,000 |

മേൽ പദ്ധതികളുടെ വിശദമായ_വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും എന്നീ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.അതുവരെ 1135000/- രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 3-4 ഇല്ലിക്കൽ വയൽ കലുങ്ക് നിർമ്മാണം -ടെണ്ടർ കുറവ് വരുത്തിയില്ല- നഷ്ടം-₹ 160995

ഇല്ലിക്കൽ വയൽ കലുങ്ക് നിർമ്മാണം -ടെണ്ടർ കുറവ് വരുത്തിയില്ല- നഷ്ടം-₹ 1,60,995/-

ഇല്ലിക്കൽ വയൽ കലുങ്ക് നിർമ്മാണപ്രവൃത്തിയുടെ ബിൽ അനുവദിച്ചപ്പോൾ കരാറുകാരൻ ക്വോട്ട്

ചെയ്ത ടെണ്ടർ കുറവ് വരുത്താത്തതിനാൽ ₹ 160995 നഷ്ടം വന്നു.

പ്രോജക്ട് നമ്പർ- 90/16

പ്രോജക്ടിൻെറ പേര് – ഇല്ലിക്കൽ വയൽ കലുങ്ക് നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ - 1200000/- രൂപ (മെയിൻറനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ - പീറ്റർ.പി.വി

എഗ്രിമെന്റ് നമ്പർ- 4/16-17/13.12.2016

വൌച്ചർ നമ്പർ-13/3/17-18/28.3.18-1071396/-രൂപ

പ്രവർത്തി 15 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.കരാർ ഏറ്റെടുത്ത ശേഷം ഭരണസമിതിയുടെ 20.2.18 ലെ 5(2)/2018 നമ്പർ തീരുമാനപ്രകാരം കലുങ്കിന്റെ ഇരുഭാഗത്തും ടാറിംഗ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 1073300/- രൂപ. രൂപ നികുതികളും കാലി ടാർ ബാരൽവിലയും കുറച്ച് 1049968/- രൂപ കോൺട്രാക്ടർക്ക് നൽകി. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്.ടെണ്ടർ കുറവ് നടത്താത്തതിനാൽ 160995/- രൂപ അധികം നൽകി.ഓഡിറ്റ് എൻക്വയറി - 03/17-18 /29.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല. 160995/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണം -പൊട്ടിച്ചുനീക്കിയ പാറ ഉപയോഗിക്കാത്തത്.

പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണപദ്ധതിയിൽ സ്റ്റേഡിയത്തിലെ പാറപൊട്ടിക്കലും ഒരു വശം ഭാഗികമായി സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 640000/- രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയിൽ 2017-18 വർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.
കൺവീനർ – ശ്രീ.സജി റ്റി.എ.

1.വൌച്ചർ നമ്പർ -21700401/6.8.17-306063 (ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല,സെക്രട്ടറി തുക നൽകിയപ്പോൾ ഉള്ള വൌച്ചർ നമ്പർ ആണ്.)

2.വൌച്ചർ നമ്പർ-14/28.2.18- 173937 (ക്യാഷ് ബുക്കിൽ 231703 എന്നാണ് കാണുന്നത്)
എസ്റ്റിമേറ്റ് പ്രകാരം 252 എം3 പാറ പൊട്ടിക്കുക, 83 മീറ്റർ സൈഡ് കെട്ടുക, ബാക്കി കല്ല് അട്ടിയിടുക എന്നീ പ്രവൃത്തികളാണുള്ളത്.

പ്രവൃത്തി നടപ്പാക്കിയപ്പോൾ എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായി 253.05 m3 കല്ല് പൊട്ടിച്ച് അട്ടിയിട്ടതിന് 10 ഘനമീറ്ററിന് 12731/- രൂപ നിരക്കിൽ 320821/- രൂപ അനുവദിച്ചിട്ടുണ്ട്. (Ltd 252m3) സംരക്ഷണഭിത്തി നിർമ്മാണത്തിൻെറ ഭാഗമായി മേൽ

സ്റ്റാക്ക് ചെയ്ത കല്ലിൽ നിന്നും 47.87 m3 കരിങ്കല്ല് ഉപയോഗിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ 250/19 നമ്പർ പ്രോജക്ടിൽ 349.08 m3 കല്ല് അട്ടിയിട്ടതിന് ഘനമീറ്ററിന് 164.5 രൂപ നിരക്കിൽ 57423/- രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളിലും തുക നൽകിയിരിക്കുന്നത് കല്ല് അട്ടിയിടുന്നതിനുൾപ്പെടെയാണ്. 29.12.2018 ന് നടത്തിയ സ്ഥലപരിശോധനയിൽ സ്ഥലത്ത് കല്ല് കുറെ ഭാഗംഅട്ടിയിട്ട നിലയിലുംകുറെ ഭാഗം കൂമ്പാരമായും കിടക്കുന്നത് കണ്ടു.കല്ല് ശരിയായ രീതിയിൽ അട്ടിയിട്ട് അളവ് രേഖപ്പെടുത്തി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.പൊട്ടിച്ച മുഴവൻ കല്ലും സൈറ്റിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. പഞ്ചായത്തിലെ വിവിധ പ്രവർത്തികൾക്കുപയോഗിക്കുകയോ, ലേലം ചെയ്ത തനത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യാവുന്ന ആസ്തി അളവ് കണക്കാക്കാതെ ഇട്ടിരിക്കുന്നത് ശരിയായ നടപടിയല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 14തീയതി 29.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.പൊട്ടിച്ച കല്ലിന്റെ അളവ് കണക്കാക്കി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 <u>പൊതുമരാമത്ത് പ്രവൃത്തി- പൊതു അപാകതകൾ</u>

പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കല്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3) വർക്ക് ഫയലുകളിൽ നോട്ട് ഫയൽ സൂക്ഷിച്ചിട്ടില്ല.

4)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ഫയലിൽ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസിലും വർക്ക് ഓഡറിലും, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

5) പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്ട് രൂപീകരണം സംബന്ധിച്ച് ചില പദ്ധതിനിർദ്ദേശങ്ങൾ മാത്രമാണുള്ളത്. ചില യോഗങ്ങളുടെ ഒപ്പുകൾ മാത്രമാണ് മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തീരുമാനങ്ങൾ ഇല്ല. മുൻവർഷപദ്ധതികൾ അവലോകനം

ചെയ്യിട്ടില്ല.തൻവർഷപദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്യിട്ടില്ല.

7)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 120 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ എല്ലാ നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് വൻ തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

8) രേഖകൾ കൃത്യമായി സൂക്ഷിക്കാത്തത് പദ്ധതി രൂപികരണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വർഷം നടപ്പിലാക്കാൻ കഴിയുന്നതിലും അധികമായി പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രവൃത്തികളുടെ മേൽ നോട്ടം വഹിക്കുന്നതിലുള്ള വീഴ്ചയ്ക്കും ഇടയാക്കാം. പഞ്ചായത്തിൽ നിലവിലുള്ള സാങ്കേതിക ഉദ്യോഗസ്ഥർക്ക് ശരിയായ രീതിയിൽ മേൽനോട്ടം വഹിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന വിധം പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തിയില്ലെങ്കിൽ പ്രവൃത്തികളുടെ ഗുണമേൻമ നഷ്ടപ്പെടുന്നതിനും ഗ്രാമപഞ്ചായത്തിന് ധനനഷ്ടത്തിനും ഇടയാക്കും. ഇക്കാര്യത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കുഴൽകിണർ നിർമ്മാണത്തിന് തുക അടച്ചു.നിർമ്മാണം പൂർത്തീകരിച്ചില്ല.

തൻവർഷം താഴെപ്പറയുന്ന പദ്ധതികളിൽ കുഴൽകിണർ നിർമ്മാണത്തിന് വേണ്ടി തുക ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടച്ചുവെങ്കിലും കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ/ഫണ്ട് | പ്രോജക്ടിൻെറ പേര് | വൌച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 189/17-വികസനഫണ്ട് -ടി.എസ്.പി. | കൊളവള്ളി എസ്.ടി.കോളനി കുഴൽകിണർ നിർമ്മാണം | 2/01/17-18 /11.1.18 | 73300 |
| 2 | 2/18 വികസനഫണ്ട് -ടി.എസ്.പി. | പാതിരി എസ്.ടി.കോളനി കുഴൽകിണർ | 1/01/17-18 /11.1.18 | 43660 |
| 3 | 187/18 വികസനഫണ്ട് -ടി.എസ്.പി. | ഇരുപ്പൂട് തെണ്ടുക്കൻപാടി എസ്.ടി.കോളനി കുഴൽകിണർ | 7/12/17-18 /29.12.17 | 39360 |

1.10.18 ന് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസറുമായി എഗ്രിമെന്റ്

വെച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റിൽ ജില്ലാഓഫീസർ ഒപ്പുവെച്ചതായി കാണുന്നില്ല.തുകകളുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർ ഒപ്പുവെച്ച എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നമ്പർ 5തീയതി 29.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നല്കിയിട്ടില്ല.പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 പാതിരി എസ്.സി.കോളനി രാജീവ് ഗാന്ധി കുടിവെള്ളപദ്ധതി - പ്രവർത്തനക്ഷമമല്ല,

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 2014-15 അനുവദിച്ച പാതിരി എസ്.സി കോളനി കുടിവെള്ളപദ്ധതിക്ക് ജില്ലാകളക്ടർ ₹ 1500000/- അനുവദിച്ചിരുന്നു.പദ്ധതി 2014-15 വർഷം തന്നെ ആരംഭിച്ചുവെങ്കിലും 2017-18 വർഷം ആണ് വൌച്ചർ നമ്പർ-13/28.2.18 പ്രകാരം ₹ 1392866/- തുക കൺവീനർക്ക് നൽകിയത്. പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അഗംങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. കൺവീനറായ ശ്രീ.വി.വി.രാജു മീനങ്ങാടി സ്വദേശിയാണ്. എസ്.സി. കോളനിയിലെ ഗുണഭോക്താവ് അല്ല ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകളുടെ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം , എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച് മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ബാങ്ക് പാസ്സ് ബുക്കിൽ പണം മാറിയതിന്റെ വിവരങ്ങൾ ഇല്ല
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈന്യന്തിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

29.12.18 ന് നടത്തിയ സ്ഥലപരിശോധന നടത്തിയതിൽ പദ്ധതി പ്രവർത്തനരഹിതമാണെന്ന് കണ്ടു.പമ്പ് ഹൌസിലേക്കുള്ള വൈദ്യുതി കണക്ഷൻ വരെ വിച്ഛേദിച്ചിരിക്കുകയാണ്.കിണർ പരിസരവും പമ്പ് ഹൌസ് പരിസരവും കാടുമൂടിയ നിലയിലാണ്.ഓഡിറ്റ് എൻക്വയറി നമ്പർ 15തീയതി 29.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.പദ്ധതി പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി പുരോഗതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ -പദ്ധതി പൂർത്തീകരിച്ചില്ല.

തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് വേണ്ടിപൊതുമരാമത്ത് വകുപ്പ് വൈദ്യുത ഉപവിഭാഗത്തിൽ തുക അടച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ-233/18

പ്രോജക്ടിൻെറ പേര് – തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപനം

നിർവഹണം -അസി.എഞ്ചിനീയർ
അടങ്കൽ – 130000/- (വികസന ഫണ്ട് എസ്.സി.പി.)

ചെലവഴിച്ച തുക - ₹130000/- രൂപ

വൌച്ചർ നമ്പർ-17/3/17-18/28.3.18

തുക അടച്ചതിന് ശേഷം പൊതുമരാമത്ത് വകുപ്പ് വൈദ്യുത ഉപവിഭാഗഅസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1.6.18 ലെ ഇ.എൽ.ഡബ്ല്യൂ. 2-349-2017 നമ്പർ കത്ത് പ്രകാരം 49000 രൂപ അധിക തുക അടക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ 49000/- രൂപ 11.10.18 ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആകെ 179000/-രൂപ ഡെപ്പോസിറ്റ് ചെയ്തപ്പോൾ എസ്റ്റിമേറ്റ് വാങ്ങിയതായോ എഗ്രിമെന്റ് വെച്ചതായോ കാണുന്നില്ല.കൂടാതെ തുക ഡെപ്പോസിറ്റ് ചെയ്ത് ഇത്ര നാളായിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല .ഓഡിറ്റ് എൻക്വയറി നമ്പർ 4തീയതി 29.12.18 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല. 2017-18-ൽ നിക്ഷേപിച്ച 130000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പദ്ധതിയിൽ ഉൾപ്പെടാത്ത വാങ്ങലുകൾ-നടപടി ക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.).
തൻവർഷം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രോജക്ട്, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതിയിൽ ഉൾപ്പെടാത്ത വാങ്ങലുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 73/18<br><br>പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനം |
| അടങ്കൽ | വികസന ഫണ്ട് ജനൽ – 400000/- |
| വികസന ഫണ്ട് ജനറൽ ചെലവ്-3,62,671/- | ബിൽ നം.<br><br>1)02/17-18 -11.10.17-40365/-<br><br>2)04/17-18-12.01.18-107700/-<br><br>3)05/17-18-12.01.18-5240/-<br><br>4) 12/17-18-09.03.18-33613/-<br><br>5)15/17-18-23.03.18-51045/-<br><br>6)16/17-18-28.03.18-124708/-<br><br>ആകെ-362671/- |

പദ്ധതിയിൽ ഉൾപ്പെടാത്ത വാങ്ങലുകൾ നടത്തി . വിശദാംശങ്ങൾ താഴെപ്പറയുന്നു.

ഈ പദ്ധതിയിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ജല സാമ്പിൾ പരിശോധന, ക്ലോറിനേഷൻ, വളണ്ടിയർ പരിശീലനം, ഉറവിട നശീകരണ പ്രവർത്തനങ്ങൾ, വാക്സിനേഷൻ, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം, നോട്ടീസ് മൈക്ക് പ്രചരണം എന്നീ പ്രവർത്തനങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തതും തുക വകയിരുത്തുകയും ചെയ്തതെങ്കിലും അതിൽപ്പെടാത്ത താഴെപ്പറയുന്ന വാങ്ങലുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | സ്ഥാപനം | തുക |
|---|---|---|
| ലാപ് ടോപ്പ് എച്ച്.പി | എസ്.എം സോഫ്റ്റ് കമ്പ്യൂട്ടേഴ്സ്,ബത്തേരി | 29400 |
| പ്രോജക്ടർ | ,, | 29450 |

| | | |
|---|---|---|
| | | |
| പ്രോജക്റ്റർ സ്ക്രീൻ | ,, | 3500 |
| മൈക്ക സെറ്റും അനുബന്ധ ഉപകരണങ്ങളും | ലാൽസൺ ഇലക്ട്രോണിക്സ്,കാലിക്കറ്റ് | 37858 |
| | ആകെ | 100208/- |

പ്രോജക്റ്റിൽ നീക്കിവെച്ച 4,00,000/- രൂപയിൽ ബാക്കിയായ 1,50,000/- ഉപയോഗിച്ച് ബോധ വത്ക്കരണ പരിപാടികൾ ഊർജ്ജിതമാക്കുന്നതിനു വേണ്ടി ലാപ് ടോപ്പ്,മൈക്ക് സെറ്റ്,പ്രോജക്റ്റർ എന്നിവ വാങ്ങുവാൻ ഭരണസമിതിയുടെ 09.03.18 ലെ 03/18 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അനുമതി നൽകിയെങ്കിലും പദ്ധതി പുതുക്കി ഡിപിസി അംഗീകാരം നേടാതെയാണ് വാങ്ങലുകൾ നടത്തിയത് .

ബി) നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

മേൽപ്പറഞ്ഞ ഉപകരണങ്ങൾ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങിക്കേണ്ടിയിരുന്നതെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയത്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിയും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 /2017-18 /31 .12.2018 ന് മറുപടി ലഭ്യമാക്കാത്തതിനാലും അപാകതകൾ നിലനിൽക്കുന്നതിനാലും ഉപകരണങ്ങൾ വാങ്ങിക്കാൻ ചെലവഴിച്ച 100208/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

സി) വാങ്ങിയ സാധനങ്ങളുടെ വിതരണവിവരമില്ല.

| ഇനം | എണ്ണം | ഇൻവോയ്സ് | റിമാർക്സ് |
|---|---|---|---|
| മീസിൽസ് റൂബെല്ലാ കൊപെയ്ൻ നോട്ടീസ് | 2000 | 102 തിയ്യതി 20.09.17-1500/- M/S സാജിത ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് ഡിടിപി & ഫോട്ടോസ്റ്റാറ്റ്,പേരാംമ്പ്ര | സ്റ്റോക്ക് രജിസ്ററിൽ 2000എണ്ണം സ്കൂളുകൾക്ക് വിതരണം ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ സ്കൂളുകൾക്ക് വിതരണം ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | | | |
| ആരോഗ്യ ജാഗ്രത നോട്ടീസ് | 7500 | 101 തിയ്യതി 21.02.18-8300/-<br>m/s ഇംബോക്സ് ഓഫ് സെറ്റ് പ്രസ്സ് & പാക്കിംഗ്,എടവണ്ണ,മലപ്പുറം.എന്നാൽ നോട്ടീസിൽ സ്ഥാപനത്തിന്റെ പേര് അച്ചടിച്ചിട്ടുള്ളത് വർണ്ണം ഓഫ് സെറ്റ് പ്രിന്റസ് , പുൽപ്പള്ളി എന്നാണ്. | സ്റ്റോക്ക് രജിസ്ററിൽ ആർക്ക് വിതരണം ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 /2017-18 /31 .12.2018 ന് മറുപടി ലഭ്യമാക്കാത്തതിനാലും അപാകതകൾ നിലനിൽക്കുന്നതിനാലും നോട്ടീസ് അച്ചടിക്കാൻ ചെലവഴിച്ച 9800/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഡി) കൊതുകുജന്യരോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സർവ്വേ നടത്തിയവർക്ക് തുക അധികം നൽകി.

പഞ്ചായത്തിലെ 18 വാർഡുകളിലെയും 10209 വീടുകളിൽ സർവ്വേ നടത്തിയതിന് ഒരു വീടിന് 5/- രൂപ നിരക്കിൽ 51045/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 28.12.2018 തിയ്യതിയിൽ പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 8809 മാത്രമാണ്( സഞ്ചയ പ്രകാരം). ആയതിനാൽ 1400 വീടുകൾക്ക് 5/- രൂപ നിരക്കിൽ 7000/-- രൂപ അധികം തുക നൽകി. ഈ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-11 പി.എച്ച്.സി -ക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 79/18<br>പി.എച്ച്.സി -ക്ക് മരുന്ന് വാങ്ങൽ പദ്ധതി |
| വകയിരുത്തിയ തുക – വികസന ഫണ്ട് ജനറൽ | ബില്ലുകൾ<br>1)13 /17-18 -17.03.18-68670/- |

| | |
|---|---|
| | 2)06 /17-18-22.01.18-31330/- |
| ചെലവ് | 100000/- |

ഈ പദ്ധതിയിൽ മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം പി.എച്ച്.സി -ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ -ന് 1,00000/- രൂപ നൽകിയെങ്കിലും നാളിതുവരെയായി 58,677/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി മരുന്ന് ഇതുവരെ കെ.എം.എസ്.സി.എൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇനി ലഭിക്കാൻ ബാക്കിയുള്ള 41323/-രൂപയുടെ മരുന്ന് ലഭിക്കുന്നത് വരെ ഈ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല.

വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു

എ) വി.ഇ.ഒ 2017-18 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായ രേഖകൾ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല

1. ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

    1. അനുഗ്രഹ ഭവന നിർമ്മാണ പദ്ധതിയിൽ തുക നൽകിയത് സംബന്ധിച്ച ചെക്ക് ഇഷ്യൂ രജിസ്റ്റർ,ഡി.ഡി രജിസ്റ്റർ എന്നിവയും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ വി.ഇ.ഒ -യുടെ പേരിലുള്ള മുള്ളൻക്കൊല്ലി സർവ്വീസ് സഹകരണബാങ്കിലെ 10897 അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റിൽ പല ചെക്കുകളും ആർക്കാണ് നൽകിയതെന്ന് കാണിച്ചിട്ടില്ല.

    2. ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതികൾ( പ്രോജക്ട് നം.286/17,287/17), ആശ്രയ ഭവന പദ്ധതി(പ്രോജക്ട് നം.42/17)എന്നിവയുമായി ബന്ധപ്പെട്ട ഭവന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല( മുൻമ്പ് ഇ.എം.എസ് ഭവന നിർമ്മാണം പദ്ധതിയിൽ നൽകിയ തുകകളുടെ വിവരം സംബന്ധിച്ച ഭവന രജിസ്റ്റർ ഉൾപ്പെടെ). പദ്ധതിയിൽ ആനുകൂല്യം ലഭിച്ച മുഴവൻ ഗുണഭോക്താക്കൾക്കും 2017-18ൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

    3. വ്യക്തിഗത ഫയലുകൾ( അപേക്ഷ,യോഗ്യതകൾ, പ്രവർത്തികൾ സംബന്ധിച്ച സ്റ്റേജ് സർട്ടിഫിക്കറ്റ്, വാല്യൂവേഷൻ,മോണിറ്ററിംഗ് റിപ്പോർട്ട്

തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്നത്) ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ചെലവ് പത്രിക തനത് ഫണ്ടിൽ നിന്നും അനുവദിച്ച 140002/- രൂപ ക്യാഷ് ബുക്കിൽ ചേർക്കുകയോ ചെലവ് വിവരം കാണിക്കുകയോ ചെയ്തിട്ടില്ല.
5. ട്രഷറിയിൽ നിന്ന് മാറിയ ബില്ലുകൾ ( മൂന്ന് മുതൽ ഒൻമ്പത് വരെയുള്ളത്)ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ട്രഷറിയിൽ നിന്നും വരവ് വരുന്ന തുകകൾ യഥാസമയം വിശദ വിവരങ്ങൾ ചേർത്ത് ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല. ആർക്കൊക്കെ ഏത് ഇൻസ്ട്രുമെൻറ് വഴി നല്കി ഏത് ഗഡുവായി നല്കിയെന്ന വിവരവും ചേർത്തിട്ടില്ല.

1. 6.വ്യക്തിഗത കക്കൂസ് നിർമ്മാണം പദ്ധതിക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഭരണ സമിതി അംഗീകരിച്ച സെക്രട്ടറി ഒപ്പുവെച്ച ലിസ്റ്റ്(ഭരണ സമിതി തീരുമാനം നമ്പർ സഹിതം) ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 7.വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച 9 യൂണിറ്റുകളുടെ( കബനിഗിരിയിലുള്ള സ്നേഹ സ്റ്റേഷനറി എന്ന യൂണിറ്റ് പ്രവർത്തിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടു.) പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ( വാങ്ങിയ ആസ്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ വൗച്ചറുകൾ, പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിവരം( വാടകയ്ക്കാണെങ്കിൽ വാടകക്കരാർ), ഗ്രൂപ്പ് സംരംഭമായി പ്രവർത്തിക്കുന്നതിലേയ്ക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെയും ലോൺ തിരിച്ചടവിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെയും വിശദാംശങ്ങൾ( പാസ്സ് ബുക്ക് ), യൂണിറ്റിന്റെ വരവ് ചെലവ് കണക്കുകൾ,മിനിടസ് ബുക്ക് എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല

   1. രേഖകൾ ശരിയായവിധം ക്രമീകരിച്ച് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 24.12.18 ന് നൽകിയ ഓഡിറ്റ് റിക്വസിഷൻ, 31.12.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 /2017-18എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക 88,02602/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിശദമായ മറുപടിയും ,അനുബന്ധരേഖകളും( ശരിയായ വിധം ക്രമീകരിച്ച് ) ഓഡിറ്റിന് ലഭ്യമാക്കാത്ത പക്ഷം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ അനുബന്ധ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വിധം ചെലവഴിച്ച തുക നിരാകരിക്കുന്നതായിരിക്കും. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | പദ്ധതി | തടസ്സത്തിൽ വെച്ച തുക |
|---|---|---|
| 1 | വ്യക്തിഗത കക്കൂസ്സ് നിർമ്മാണം -പി.നം-39/17 | 9,24,000/- |
| 2 | വ്യക്തിഗത കക്കൂസ്സ് നിർമ്മാണം -അധിക സഹായം-പി.നം-55/17 | 138600/- |
| 3 | ഭവന നിർമ്മാണം ജനറൽ( അനുഗ്രഹ)-പി.നം.41/17<br>4500000/- | 4280000/-( നിരാകരിച്ച 2,20,000/- രൂപ കഴിച്ച്) |
| 4 | ലൈഫ് മിഷൻ ഭവന പൂർത്തീകരണം (ജനറൽ)-പി.നം-286/17 | 2150002/- |
| 5 | ലൈഫ് മിഷൻ ഭവന പൂർത്തീകരണം (എസ്.സി)-പി.നം-287/17 | 2,50,000/ |
| 6 | ആശ്രയ ഭവന നിർമ്മാണം-പി.നം-42/17 | 3,60,000/- |
| 7 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം-പി.നം-110/17 | 7,00000/-(നിരാകരിച്ച 2,00000/-രൂപ കഴിച്ച്) |
| | ആകെ | 88,02602/- രൂപ |

ബി) വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് |
|---|---|
| 1 | വ്യക്തിഗത കക്കൂസ്സ് നിർമ്മാണം -പി.നം-39/17<br>അടങ്കൽ-വികസന ഫണ്ട്(ജനറൽ)- 1,16,600/-<br>ധനകാര്യകമ്മീഷൻ അവാർഡ്-807400/-<br>ആകെ- 9,24,000/-<br>ചെലവ്<br>1)ബിൽ.നം.05/17-18 -28.12.17- 15400/-<br>2)ബിൽ.നം.06/17-18 -28.12.17- 46200/- |

| | |
|---|---|
| | 3)ബിൽ.നം11/17-18 -09.02.18 -30,800/-<br>4)ബിൽ.നം.23/17-18 -28.03.18- 85800/-<br>5)ബിൽ.നം.24/17-18 -28.03.18-745800/-<br>ആകെ- 9,24,000/- |
| 2 | വ്യക്തിഗത കക്കൂസ്സ് നിർമ്മാണം -അധിക സഹായം-പി.നം-55/17<br>അടങ്കൽ-വികസന ഫണ്ട്(ജനറൽ)-138600/-<br>ചെലവ്<br>1)ബിൽ.നം.04/17-18 -22.11.17- 81800/-<br>2)ബിൽ.നം.09/17-18 -09.02.18-35600/-<br>3)ബിൽ.നം.18/17-18 -09.03.18-6600/-<br>4)ബിൽ.നം.28/17-18 -28.03.18-14,600/-<br>ആകെ-1,38,600/- |
| 3 | ഭവന നിർമ്മാണം ജനറൽ( അനുഗ്രഹ)-പി.നം.41/17<br>അടങ്കൽ-മറ്റുള്ളവ(ബാങ്ക് ലോൺ)<br>ചെലവ് -4500000/-<br>1)ചെക്ക് നം.56665 തിയ്യതി 20.06.17-20,00000/-<br>2)ചെക്ക് നം..56666തിയ്യതി 19.09.17-10,00000/-<br>3)ചെക്ക് നം..56667 തിയ്യതി 12.10.17-5,00000/-<br>4) ചെക്ക് നം..56668 തിയ്യതി 23.01.18-5,00000/-<br>5) ചെക്ക് നം..56669 തിയ്യതി 12.03.18-5,00000/-<br>ആകെ- 45,00000/- |
| 4 | ലൈഫ് മിഷൻ ഭവന പൂർത്തീകരണം (ജനറൽ)-പി.നം-286/17<br>അടങ്കൽ--വികസന ഫണ്ട്(ജനറൽ)-1210000/-<br>ധനകാര്യകമ്മീഷൻ അവാർഡ്-8,00000/- |

| | |
|---|---|
| | തനത് ഫണ്ട്-140002/-<br>ആകെ-2150002/-<br>ചെലവ്-2150002/-<br>1)ബിൽ.നം. 15/17-18 തിയ്യതി 28.02.18-4,76334/-<br>2)ബിൽ. നം19/17-18 തിയ്യതി -300,000/-09.03.18<br>3)ബിൽ. നം.20/17-18 തിയ്യതി -55,000/-09.03.18<br>4) ബിൽ.നം22/17-18 തിയ്യതി.09.03.18-3,0000/-<br>5) ബിൽ.നം25/17-18. തിയ്യതി-1,36,999/-28.03.18<br>6) ബിൽ.നം30/17-18. തിയ്യതി-2,11,667/- 28.03.18<br>7) ബിൽ.നം 10/17-18. തിയ്യതി 10.02.18-4,75000-/-<br>8)ബിൽ.നം26/17-18. തിയ്യതി-28.03.18-3,25,000/-<br>9) തനത് ഫണ്ട്<br>i)ചെക്ക് നം.5313620-തുക 140002തിയ്യതി 31.03.18<br>ആകെ- 2150002 /- |
| 5 | ലൈഫ് മിഷൻ ഭവന പൂർത്തീകരണം (എസ്.സി)-പി.നം-287/17<br>അടങ്കൽ-എസ്.സി.പി-3,20000/-<br>1)ബിൽ.നം. 17/17-18 തിയ്യതി 28.02.18-100000/-<br>2)ബിൽ.നം. 29/17-18 തിയ്യതി 28.03.18-1,50,000/-<br>ആകെ- 2,50,000/- |
| 6 | ആശ്രയ ഭവന നിർമ്മാണം-പി.നം-42/17<br>അടങ്കൽ--വികസന ഫണ്ട്(ജനറൽ)-7,60,000/-<br>1)ബിൽ.നം. 01/17-18 തിയ്യതി 29.06.17-1,20,000/-<br>2) ബിൽ.നം. 03/17-18 തിയ്യതി 22.09.17-1,20000/-<br>2)ബിൽ.നം. 07/17-18 തിയ്യതി 27.12.17-80,000/- |

| | |
|---|---|
| | 3)ബിൽ.നം. 13/17-18 തിയ്യതി09.02.18-20,000/-<br><br>4)ബിൽ.നം. 31/17-18 തിയ്യതി 28.03.18-20,000/-<br><br>ആകെ- 3,60,000/- |
| 7 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം-പി.നം-110/17<br><br>അടങ്കൽ--വികസന ഫണ്ട്(ജനറൽ)-10,00000/-<br><br>ചെലവ്-10,00000/-<br><br>1)ബിൽ.നം. 32/17-18 തിയ്യതി 28.03.18-100000/-<br><br>2)ബിൽ. നം 33/17-18 തിയ്യതി -28.03.18-900000/-<br><br>ആകെ- 1000000 /- |

l)ഭവന നിർമ്മാണം ജനറൽ( അനുഗ്രഹ) -സർക്കാർ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിന്റെ പരിധി ലംഘനം.

| | |
|---|---|
| പ്രോജക്ട് നം | 41/17 |
| അടങ്കൽ-മറ്റുള്ളവ | 9780000/- |
| ചെലവ് | 4500000/-<br><br>1)ചെക്ക് നം.56665 തിയ്യതി 20.06.17-20,00000/-<br><br>2)ചെക്ക് നം..56666തിയ്യതി 19.09.17-10,00000/-<br><br>3)ചെക്ക് നം..56667 തിയ്യതി 12.10.17-5,00000/-<br><br>4) ചെക്ക് നം..56668 തിയ്യതി 23.01.18-5,00000/-<br><br>5) ചെക്ക് നം..56669 തിയ്യതി 12.03.18-5,00000/-<br><br>ആകെ- 45,00000/- |

മുള്ളൻക്കൊല്ലി ഗ്രാമപഞ്ചായത്തിന് 15.09.15 ലെ 210/ഡിബി1/15/തസ്വഭവ കത്ത് പ്രകാരം 11.03.13 ലെ സ.ഉ(എം.എസ്) നം. 83/13/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മുള്ളൻക്കൊല്ലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2,0000000/- (രണ്ട് കോടി രൂപ മാത്രം) 11% പലിശ നിരക്കിൽ വായ്പയെടുത്ത് ' അനുഗ്രഹ ഭവന പദ്ധതി ' നടപ്പിലാക്കുന്നതിന് അനുമതി നൽകി. വായ്പ തുക വികസന ഫണ്ടിൽ നിന്നും ,പലിശ തനത് ഫണ്ട്/ജനറൽ പർപ്പസ്സ് ഫണ്ടിൽ നിന്നും

തിരിച്ചടയ്ക്കാൻ സർക്കാർ അനുമതിയുണ്ട്. ഇ.എം.എസ് ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരമായിരിക്കണം( സ.ഉ(എം.എസ്)നം.207/2009/ തസ്വഭവ തീയതി 07.11.09) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതെന്നാണ് മേൽ സർക്കാർ ഉത്തരവിലെ നിബന്ധന. ഇ.എം.എസ് ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശം ഖണ്ഡിക 11.1(2) പ്രകാരം പഞ്ചായത്തുകളിലെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ വഴി നിർമ്മിക്കാവുന്ന വ്യക്തിഗത ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം 40 ച.മീറ്ററാണ്. ഗുണഭോക്താക്കളെ കടക്കെണിയിലാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അനർഹരായ ആളുകളെ ഒഴിവാക്കുന്നതിനുമാണ് പരിധി വയ്ക്കുന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. നിലവിലെ ലൈഫ് മിഷൻ ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശം ഖണ്ഡിക 5.4പ്രകാരം( സ.ഉ(എം.എസ്)നം.151/2017/ തസ്വഭവ തീയതി 31.07.17) നിർമ്മിക്കാവുന്ന വ്യക്തിഗത ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം 60 ച.മീറ്ററാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു

i) പദ്ധതിയിൽ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിന്റെ പരിധിയിലും വളരെ അധികരിച്ച ഭവന നിർമ്മാണത്തിനും ആനുകൂല്യം നൽകി

ഈ ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 2,00000/-( രണ്ട് ലക്ഷം രൂപ ) ആനുകൂല്യം ലഭിച്ച് നിർമ്മിച്ച പല ഗുണഭോക്താക്കളുടെയും വീടിന്റെ തറ വിസ്തീർണ്ണം 60 ച.മീറ്ററിലും അധികമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാ. താഴെപ്പറയുന്നു.

1)

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീമതി .റസീന ഒട്ടുമലക്കണ്ടിൽ,വാർഡ്-17 |
| ഭവന പദ്ധതിയിൽ നൽകിയ തുക | 2,00000/-<br>1)ചെക്ക് നം. 60594 തീയതി-23.01.18-80,000/-രൂപ<br>2)ചെക്ക് നം 60973-തീയതി-06.01.18-60,000/-രൂപ<br>3)ചെക്ക് നം.61342തീയതി 14.03.18-40,000/-രൂപ<br>4)ചെക്ക് നം.61645തീയതി 21.05.18-20,000/-രൂപ |
| അപാകതകൾ | 29.12.18 ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ വീടിന്റെ തറ വിസ്തീർണ്ണം -103.19ച.മീറ്ററാണെന്ന് അളന്നു |

| | |
|---|---|
| | തിട്ടപ്പെടുത്തി.വിശദാംശങ്ങൾ ഇപ്രകാരമാണ്.<br><br>എ)സിറ്റ് ഔട്ട്-7.16 ച.മീ.<br><br>ബി) നിലവിൽ മേൽക്കൂര കോൺക്രീറ്റ് ചെയ്ത<br><br>ഹാൾ വരെയുള്ള ഭാഗം- 65.34 ച.മീ.<br><br>സി)ഹാളിന് പുറകിലായി നിലവിൽ ലിന്റൽ സ്റ്റേജിലുള്ള ഭാഗം-30.69ച.മീ.<br><br>ആകെ-103.19 ച.മീ. |

2)

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീമതി ലൈസമ്മ ടോം കാക്കോനാൽ വാർഡ്-13 |
| ഭവന പദ്ധതിയിൽ നൽകിയ തുക | 2,00000/-<br><br>1)ചെക്ക് നം. 56712 തീയതി-20.10.16-1,40,000/-<br><br>2)ചെക്ക് നം 56743തീയതി-15.11.16-40,000/-<br><br>3)ചെക്ക് നം.58421തീയതി-20.06.17-20,000/- |
| അപാകതകൾ | സഞ്ചയയിൽ നിന്നും ലഭിച്ച ഫോം.6 പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ഈ ഗുണഭോക്താക്താവിന്റെ വീടിന്റെ നമ്പർ- 13/64-A.<br><br>തറ വിസ്തീർണ്ണം -94.64 ച.മീ. |

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 /2017-18 /31 .12.2018 ന് മറുപടി ലഭ്യമാക്കിയില്ല. ഭവന പദ്ധതിക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ തറവിസ്തീർണ്ണ പരിധിയിലും വളരെയധികം കൂടുതൽ തറ വിസ്തീർണ്ണത്തിൽ ഭവനം പണിയുന്നത് അനർഹരായ ഗുണഭോക്താക്കളാണ്. ഇത്തരം ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ മേൽ പരാമർശിച്ച അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ തുക 4,0,0000/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിനാൽ അനുഗ്രഹ ഭവന പദ്ധതിയിൽ പ്രവർത്തി നടത്തികൊണ്ടിരിക്കുന്നതോ പൂർത്തിയാക്കിയതോ ആയ മുഴുവൻ വീടുകളും പരിശോധിച്ച് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിലും വളരെ

കൂടുതൽ തറ വിസ്തീർണ്ണത്തിൽ വീട് പണിത എല്ലാ ഗുണഭോക്താക്കൾക്കും നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ( വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫോം- 6 സഹിതം) ഓഡിറ്റിന് നൽകേണ്ടതാണ്.

ii) പണി പൂർത്തിയാക്കാത്ത വീടിന് മുഴുവൻ തുകയും നൽകി.

ശ്രീമതി. റസീന ഒടുമലക്കണ്ടിൽ(വാർഡ്-17) എന്ന ഗുണഭോക്താവിന്റെ വീട് പണി പൂർത്തിയായതായി വി.ഇ.ഒ -യും മോണിറ്ററിംഗ് സമിതിയും സാക്ഷ്യപ്പെടുത്തി മുഴുവൻ തുകയും ( 2,00000/- രൂപ) അനുവദിച്ചു. എന്നാൽ 29.12.18 ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ വീടിന്റെ പണി പൂർത്തിയായിട്ടില്ലായെന്ന് കണ്ടു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

i)സിറ്റ് ഔട്ട് - തറയും പില്ലറും വാർത്തു.

ii)ഹാൾ വരെയുള്ള ഭാഗം മേൽക്കൂര വാർത്തുവെങ്കിലും അതിനുപുറകിലുള്ള ഭാഗം ലിന്റൽ സ്റ്റേജിലാണ്.

iii)ശുചിമുറി പണിതിട്ടില്ല

iv) വാതിലുകൾ,ജനലുകൾ വച്ചിട്ടില്ല

v)വയറിംഗ് നടത്തിയിട്ടില്ല

vi)അടുക്കള പണിതിട്ടില്ല

vii) ഫ്ലോറിംഗ് ചെയ്തിട്ടില്ല,തേപ്പ് കഴിഞ്ഞിട്ടില്ല

ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും കൃത്യമായി പരിശോധിക്കാതെയാണ് ഗഡുക്കൾ അനുവദിക്കുന്നതെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത് . ഇത് ഗുരുതരമായ വീഴ്ച്ചയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.20/2017-18/31.12.2018 ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

iii) വീട് പണി യഥാസമയം പൂർത്തിയാക്കുന്നില്ല

ശ്രീമതി തങ്കമ്മ ജോസ് കൈപ്പറമ്പിൽ( വാർഡ്-14) എന്ന ഗുണഭോക്താവിന് ലിന്റൽ സ്റ്റേജിൽ രണ്ടാം ഗഡു ( ആകെ 1,40,000/-രൂപ) 03.01.2017 നൽകി രണ്ട് വർഷമാകാറായിട്ടും നിലവിലും വീടിന്റെ അവസ്ഥ അതു തന്നെയാണെന്ന് 29.12.18 ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു. മുള്ളൻകൊല്ലി സർവ്വീസ് സഹകരണബാങ്കിൽ നിന്നും 11% പലിശയ്ക്ക് ലോണെടുത്ത്

നടപ്പിലാക്കുന്ന ഈ ഭവന പദ്ധതി യഥാസമയം നടപ്പിലാക്കിയില്ലെങ്കിൽ പഞ്ചായത്തിന് യഥാസമയം ( ബാങ്കുമായുള്ള കരാർ പ്രകാരം 10 വർഷം കൊണ്ട്( 2026-2027 ൽ) ) ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുകയും പലിശയിനത്തിൽ അധിക തുക നൽകേണ്ടിയും വരും. ആയതിനാൽ ഭവനപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ll) ലൈഫ് മിഷൻ-പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം( ജനറൽ)- സർക്കാർ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിന്റെ പരിധി ലംഘനം.

| | |
|---|---|
| പ്രോജക്ട് നം | 286/17 |
| അടങ്കൽ- | 25,10,000/- |
| ചെലവ് | 2150002/-<br><br>1)ബിൽ.നം. 15/17-18 തിയ്യതി 28.02.18-4,76334/-രൂപ<br><br>2)ബിൽ. നം19/17-18 തിയ്യതി --09.03.18-300,000/-രൂപ<br><br>3)ബിൽ. നം.20/17-18 തിയ്യതി --09.03.18-55,000/-രൂപ<br><br>4) ബിൽ.നം22/17-18 തിയ്യതി.09.03.18-3,0000/-രൂപ<br><br>5) ബിൽ.നം25/17-18. തിയ്യതി-28.03.18-1,36,999/രൂപ<br><br>6) ബിൽ.നം30/17-18. തിയ്യതി- 28.03.18-2,11,667/-രൂപ<br><br>7) ബിൽ.നം 10/17-18. തിയ്യതി 10.02.18-4,75000-/-രൂപ<br><br>8)ബിൽ.നം26/17-18. തിയ്യതി-28.03.18-3,25,000/-രൂപ<br><br>9) തനത് ഫണ്ട്<br><br>i)ചെക്ക് നം.5313620- തിയ്യതി 31.03.18 -140002/-രൂപ<br><br>ആകെ- 2150002 /- |

i)പദ്ധതിയിൽ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിന്റെ പരിധിയിലും വളരെ അധികരിച്ച ഭവന നിർമ്മാണത്തിനും ആനുകൂല്യം നൽകി

ഇ.എം.എസ് ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശം ഖണ്ഡിക 11.1(2) പ്രകാരം പഞ്ചായത്തുകളിലെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ വഴി നിർമ്മിക്കാവുന്ന വ്യക്തിഗത ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം 40 ച.മീറ്ററാണ്. ഗുണഭോക്താക്കളെ കടക്കെണിയിലാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും

അനർഹരായ ആളുകളെ ഒഴിവാക്കുന്നതിനുമാണ് പരിധി വയ്ക്കുന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. നിലവിലെ ലൈഫ് മിഷൻ ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശം ഖണ്ഡിക 5.4പ്രകാരം( സ.ഉ(എം.എസ്)നം.151/2017/ തസ്വഭവ തീയതി 31.07.17) നിർമ്മിക്കാവുന്ന വ്യക്തിഗത ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം 60 ച.മീറ്ററാണ്. ലൈഫ് മിഷൻ പത്രിക പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയിൽ 2010-11 വർഷം വീട് നിർമ്മാണത്തിന് കരാർ വെച്ച ശ്രീ മജീദ്,കാവള്ളിയിൽ,പെരിക്കല്ലൂർ എന്നവർക്ക് ഭവന നിർമ്മാണത്തിന് 40,000/- രൂപ നൽകിയിരുന്നു( 75,000/- രൂപയിൽ). തുടർന്ന് ലൈഫ് മിഷൻ ഭവന പൂർത്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി . ആനുപാതിക വർദ്ധനവ് പ്രകാരം 3,46,800/- രൂപയ്ക്ക് അർഹതയുണ്ട്. നാളിതുവരെ( 2018-19 ൽ) 3,00000/-രൂപ ലൈഫ് മിഷൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്( ആയതിൽ 1,00000/- രൂപയുടെ പേയ്മെന്റ് വിവരങ്ങളെ വ്യക്തിഗത ഫയൽ ഉള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റിൽ ഒന്നും എഴുതിയിട്ടില്ല) . 29.12.18 നടത്തിയ സ്ഥല പരിശോധനയിൽ വീടിന് 84.28 ച.മീ. തറ വിസ്തീർണ്ണമുണ്ടെന്ന് അളന്ന് തിട്ടപ്പെടുത്തി. നിലവിൽ വീടിന്റെ അവസ്ഥ ഇപ്രകാരമാണ്.

എ) വാതിൽ,ജനൽ ഫിറ്റ് ചെയ്തിട്ടില്ല

ബി) വയറിംഗ് ചെയ്തിട്ടില്ല

സി) ഫ്ളോറിംഗ്,തേപ്പ് ചെയ്തിട്ടില്ല

ഡി) അടുക്കള,ശുചിമുറി പണി പൂർത്തിയാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 /2017-18 /31 .12.2018 ന് മറുപടി ലഭ്യമാക്കിയില്ല. ഭവന പദ്ധതിക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ തറവിസ്തീർണ്ണ പരിധിയിലും വളരെയധികം കൂടുതൽ തറ വിസ്തീർണ്ണത്തിൽ ഭവനം പണിയുന്നത് അനർഹരായ ഗുണഭോക്താക്കളാണ്. ഇത്തരം ഗുണഭോക്താവിനായി നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ആയതിനാൽ ലൈഫ് ഭവന പൂർത്തീകരണ പദ്ധതിയിൽ പ്രവർത്തി നടത്തികൊണ്ടിരിക്കുന്നതോ പൂർത്തിയാക്കിയതോ ആയ മുഴുവൻ വീടുകളും പരിശോധിച്ച് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച തറ വിസ്തീർണ്ണത്തിലും വളരെ കൂടുതൽ തറ വിസ്തീർണ്ണത്തിൽ വീട് പണിത എല്ലാ ഗുണഭോക്താക്കൾക്കും നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ( വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫോം- 6 സഹിതം) ഓഡിറ്റിന് നൽകേണ്ടതാണ്.

lll) വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 110/17 |
| അടങ്കൽ- | 1000000/- |
| ചെലവ് | 10,00000/-രൂപ<br>1)ബിൽ.നം. 32/17-18 തിയ്യതി .28.03.18-100000/-രൂപ<br>2)ബിൽ. നം 33/17-18 തിയ്യതി 28.03.18-900000/-രൂപ<br>ആകെ- 1000000 /-രൂപ |

പഞ്ചായത്തിലെ വിവിധ കുടുബശ്രീ യൂണിറ്റുകളിൽപ്പെട്ട അഞ്ച് അംഗങ്ങൾ വീതമുള്ള 5 ഗ്രൂപ്പുകൾക്ക് വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തത്.എന്നാൽ 10 ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വീതം ആനുകൂല്യം നൽകി. . മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം മാറിയ 10,00000/- രൂപ മുള്ളൻക്കൊല്ലി സർവ്വീസ് സഹകരണ ബാങ്കിന്റെ 130071001400001അക്കൗണ്ടിലെ സസ്പെൻസ് ഹെഡിൽ 31.03.18 ന് വരവ് വെച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സംരംഭങ്ങൾ തുടങ്ങിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സബ്സിഡി ലഭിച്ച ഏതാനും യൂണിറ്റുകളിൽ 29.12.18 ന് പഞ്ചായത്ത് അധികൃതരോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

i) കൈരളി ബേക്കറി&കാറ്ററിംഗ് യൂണിറ്റ്,

മേൽ സ്ഥാപനം പ്രവർത്തിക്കുന്നതായി ഓഡിററിനായി വി.ഇ.ഒ കാണിച്ചു തന്നത് ശ്രീ ജോൺ മാത്യു എന്നവരുടെ വീടിനോട് ( കെട്ടിട നം.14/398) ചേർന്ന രണ്ട് ഷെഡ്ഡുകളാണ്. പൊടി പിടിച്ച ഒരു ഷെഡ്ഡിൽ കുറെ തേങ്ങകളും കുറച്ച് കരി പിടിച്ച പാത്രങ്ങളുമാണ് കാണാൻ കഴിഞ്ഞത്. രണ്ടാമത്തെ ഷെഡ്ഡിൽ ഒരു വിറകടുപ്പും ഒരു ഗ്യാസ്സ് കുറ്റിയും ഏതാനും കരി പിടിച്ച പാത്രങ്ങളുമാണ് കാണാൻ കഴിഞ്ഞത്. ബേക്കറി യൂണിറ്റ് പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. സ്ഥാപനത്തിന്റെ പേരുള്ള ബോർഡും അവിടെ കണ്ടില്ല. മേൽസ്ഥാപനം പ്രവർത്തിക്കുന്നതിനായി വാങ്ങിയ ആസ്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ വൗച്ചറുകൾ,സ്ഥാപനത്തിന്റെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻന്ത്യ -യുടെ അംഗീകാരം, പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ, വൈദ്യുതി

കളക്ഷൻ ലഭിച്ചതിന്റെ രേഖ ,ബേക്കറി ഉത്പ്പന്നങ്ങൾ വിൽപ്പന നടത്തുന്ന ബ്രാൻഡ് നെയിം ഉള്ള കവർ ,ഗ്രൂപ്പ് സംരംഭമായി പ്രവർത്തിക്കുന്നതിലേയ്ക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെയും ലോൺ തിരിച്ചടവിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെയും വിശദാംശങ്ങൾ( പാസ്സ് ബുക്ക് ), യൂണിറ്റിന്റെ വരവ് ചെലവ് കണക്കുകൾ,മിനിടസ് ബുക്ക് എന്നിവ എന്നിവയൊന്നും (ജി.ഒ (എം.എസ് )80/2017 /തസ്വഭവ തീയതി 03.04.2017 -ഖണ്ഡിക -8.7(2) പ്രകാരം)പരിശോധനയ്ക്ക് ഹാജരാക്കാൻ സാധിച്ചില്ല.

ii) ഭാവന സ്റ്റോർസ് ,ചാമപ്പാറ

മേൽ സ്ഥാപനം പ്രവർത്തിക്കുന്നതായി ഓഡിററിന് വി.ഇ.ഒ കാണിച്ച തന്നത് ശ്രീ അനിൽ എന്നവരുടെ പലചരക്ക് കടയാണ്. അവിടെ ഒരു ബോർഡും കണ്ടില്ല. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള യൂണിറ്റ് അംഗങ്ങളുടെ ഫോട്ടോയിൽ കാണുന്ന ആരെയും ആ കടയിൽ കണ്ടില്ല.

ആയതിനാൽ സ്ഥല പരിശോധനയിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ട മേൽപ്പറഞ്ഞ ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ നൽകിയ 2,00000/- രൂപ ആ ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ലെന്ന് കണ്ടു. ആയതിനാൽ ഇവർക്ക് നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-13 കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ തുക തിരികെ വാങ്ങിയില്ല.

2017-18 ൽ കന്നുകുട്ടി പരിപാലനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം - കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര് - കന്നുകുട്ടി പരിപാലനം

അടങ്കൽ - 25,00,000/- (വികസന ഫണ്ട് ജനറൽ )

ചെലവ് - 6,25,000

ബിൽ നം/ തിയ്യതി - 1/17-18/9.2.18

100 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം കണക്കാക്കി പദ്ധതിയിൽ നിന്നും 6,25,000 രൂപ പിൻവലിച്ച് വെറ്ററിനറി സർജൻ ജില്ലാ മൃഗസംരക്ഷണ ഡെ.ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഏതാനും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തിയ്യതി | നാളിതുവരെ നൽകിയ തുക | തിരികെ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ഷാഹിദ പുത്തൻപുരയിൽ | 20.8.18 | 4608 | 1642 |
| 2 | ദിനേഷ് ദേവശേരിയിൽ | 24.9.18 | 5223 | 1027 |
| 3 | ഏലിയാമ്മ വെളിപറമ്പിൽ | - | 0 | 6250 |
| 4 | വിജയൻ തട്ടാംതുടിയിൽ | - | 0 | 6250 |
| 5 | സുധ സജി തോട്ടുപറമ്പിൽ | 24.9.18 | 4608 | 1642 |
| 6 | ചെല്ലപ്പൻ കരിമ്പുകുഴിയിൽ | 24.9.18 | 4608 | 1642 |
| 7 | ജോയി പുല്ലൻ പ്ലാവിൽ | 20.8.18 | 4608 | 1642 |
| 8 | ഗജേന്ദ്രൻ | 24.9.18 | 4629 | 1621 |
| 9 | ഷെബി ഐസക് | 24.9.18 | 3993 | 2257 |
| 10 | രാജിമോൾ | 20.8.18 | 3378 | 2872 |
| 11 | ജെസ്സി വെച്ചുപടിക്കൽ | - | 0 | 6250 |
| 12 | അന്നക്കുട്ടി തറയിൽ | - | 0 | 6250 |
| 13 | ഗീതാ ചന്ദ്രൻ, വയലിൽ | - | 0 | 6250 |
| | ആകെ | | | 45,595 |

സബ്സിഡി തുക നാളിതുവരെ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ പദ്ധതി വിഹിതവും പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ പദ്ധതി വിഹിതം 45,595/- രൂപയും തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-14 സമഗ്ര വരൾച്ച നിവാരണ പദ്ധതി - തുക മുഴുവനായും

## വിനിയോഗിച്ചില്ല.

പുൽപ്പള്ളി- മുള്ളൻകൊല്ലി വരൾച്ചാ ലഘൂകരണ പദ്ധതിയുടെ ഭാഗമായി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 5,00,000 രൂപ വയനാട് മണ്ണ് സംരക്ഷണ ഓഫീസർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം - S-129/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് - സമഗ്ര വരൾച്ച നിവാരണ പദ്ധതി വിഹിതം നൽകൽ

അടങ്കൽ - 5,00,000/- രൂപ

ചെലവ് - 5,00,000/- രൂപ

ബിൽ നം/ തിയ്യതി - 18/17-18/9.3.18

വരൾച്ചാ ലഘൂകരണ പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം കിണർ റീ-ചാർജ്ജ്, മൺ തടയണ, കോൺക്രീറ്റ് തടയണ, മൺകുളം എന്നിവ നിർമ്മിക്കുന്നതാണ്. മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിൽ 250 ഓളം കിണറുകൾ റീച്ചാർജ്ജ് ചെയ്യുന്നതിനായി ഒരു യൂണിറ്റിന് 8,000/- രൂപ ക്രമത്തിൽ തുക വരൾച്ചാ ലഘൂകരണ പദ്ധതിയിൽ തുക വകയിരുത്തി (സർക്കാർ വിഹിതം 5200/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതം 2000/- രൂപ ഗുണഭോക്തൃ വിഹിതം 800/- രൂപ). 250 കിണറുകൾ റീച്ചാർജ്ജ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതം 5,00,000/- രൂപ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് കൈമാറി. എന്നാൽ ഈ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. നാളിതുവരെ 25 % (59 എണ്ണം) താഴെ മാത്രമാണ് പദ്ധതി പുരോഗതി കൈവരിച്ചിട്ടുള്ളത്.

തുക വിനിയോഗ വിവരം, നിലവിലെ പുരോഗതി വിവരം എന്നിവ നൽകേണ്ടതാണ്. ചെലവഴിക്കാൻ ബാക്കിയുള്ള തുക 3,82,000/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

# 3-15 ഗുണഭോക്തൃ ലിസ്റ്റിന് ഊരുകൂട്ടത്തിന്റെ സാധൂകരണം വാങ്ങിയില്ല.

പട്ടിക വർഗ്ഗ കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈകൾ വിതരണം എന്ന പദ്ധതിയിൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്തൃ ലിസ്റ്റ് ഊരുകൂട്ടം പ്രകാരം തെരഞ്ഞെടുത്തിട്ടില്ല. പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം – S-123/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈകൾ വിതരണം(ST)

അടങ്കൽ - 30,000/- രൂപ

ചെലവ് - 30,000/- രൂപ

ബിൽ നം/ തിയ്യതി - 20/17-18/9.3.18

മേൽ പദ്ധതിക്കായി പച്ചക്കറി തൈകൾ VFPCK എന്ന സ്ഥാപനത്തിൽ യിൽ നിന്നും വാങ്ങി വിവിധ വാർഡുകളിലെ 15 കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തു. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ സമർപ്പിച്ച ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം അനുവദിച്ചത്. 31.01.18 ലെ 1/18(1) തീരുമാനം പ്രകാരം ആനുകൂല്യം അനുവദിച്ച കുടുംബശ്രീ യൂണിറ്റുകളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഊരുകൂട്ട യോഗത്തിൽ വെച്ച് സാധൂകരണം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സാധൂകരണം ലഭിച്ചിട്ടില്ല. സാധൂകരണം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് , നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ₹ 500000/- | കദളിക്കാട്ടിൽ കവല-കരിമംകുന്നേൽ റോഡ് ടാറിംഗ് (PR No. 44/17-18) | 0 | ₹ 500000/- |
| | ₹ 2000000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 113/18 | ₹1999116/- | ₹ 884/- |
| | ₹ 600000/- | നെൽകൃഷി പ്രോത്സാഹനം , 122/18 | ₹ 468990/- | ₹131010/- |

| | | | | |
|---|---|---|---|---|
| | | | | |
| | ₹500000/- | മാടൽ തുരുത്തിക്കവല റോഡ് റീടാറിംഗ് , 46/18 | ₹ 500000/- | 0 |
| | ₹ 21300/- | പട്ടികവർഗ്ഗ കർഷകർക്ക് നെൽകൃഷി പ്രോത്സാഹനം , 124/18 | ₹ 21300/- | 0 |
| | ₹ 250000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, 87/18 | ₹ 245400/- | ₹ 4600/- |
| ജില്ലാ പഞ്ചായത്ത് | ₹ 672000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 113/18 | ₹ 671703/- | ₹ 297/- |
| | ₹ 21300/- | നെൽകൃഷിക്ക് കൂലി ചെലവ് നൽകൽ , 124/18 | ₹ 21300/- | 0 |
| ആകെ | ₹4564600/- | | ₹3927809/- | ₹636791/- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | ഡെപ്പോസിറ്റ് തുക | സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 163 | കൊളവള്ളി അംബേദ്കർ കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 196000 | കേരള വാട്ടർ അതോറിറ്റി |
| 2 | 164 | ഇടമല പണി. കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 185000 | “ |
| 3 | 165 | കാപ്പിസെറ്റ് മുതലിമാരൻ കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 310000 | “ |
| 4 | 166 | ഉദയക്കര കാട്ടുനായ്ക്ക കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 310000 | “ |
| 5 | 169 | തൊണ്ടനോടി കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 190000 | “ |
| 6 | 170 | മരക്കടവ് കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 190000 | “ |
| 7 | 171 | ചാമപ്പാറ പണിയ കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 190000 | “ |
| 8 | 172 | എ.പി.ജെ. കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ | 190000 | “ |

| | | | | |
|---|---|---|---|---|
| | | ദീർഘിപ്പിക്കൽ | | |
| 9 | 176 | മാടപ്പള്ളിക്കുന്ന് എസ്.സി. കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000 | “ |
| 10 | 179 | പറുദീസ എസ്.സി. കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000 | “ |
| 11 | 268 | മരക്കടവ് അംബേദ്കർ എസ്.സി കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 196000 | “ |
| 12 | 15 | തെരുവ് വിളക്കുകളുടെ നിയന്ത്രണം കെ.എസ്.ഇ.ബി പോസ്റ്റുകളിൽ സ്ഥാപിക്കൽ | 27000 | പി.ഡബ്ലിയു ഡി ഇലക്ട്രിക്കൽ സെക്ഷൻ |
| 13 | 246 | തുരുത്തിക്കവല പടിഞ്ഞാറെ കവല കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | കേരള വാട്ടർ അതോറിറ്റി |
| 14 | 247 | കുറിച്യൻ മൂല തേന്മാന വയൽ കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | കേരള വാട്ടർ അതോറിറ്റി |
| 15 | 250 | എസ്.എൻ.ഡി.പി കവല തെങ്ങാട് കവല കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 411472 | “ |

| | | | | |
|---|---|---|---|---|
| 16 | 251 | പുലരി വെയ്റ്റിംഗ് ഷെഡ്ഡ് ബാക്കി ഭാഗം കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | “ |
| 17 | 269 | പാടിച്ചിറ സീതാമൌണ്ട് ലൂർദ്ദ് നഗർ കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | “ |
| 18 | 270 | ചവർപ്പുഴ കവല തോട്ടുപുറത്ത് കുന്ന് കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | “ |
| 19 | 187 | ഇരുപ്പൂട് തെണ്ടുക്കൻപാടി എസ്.ടി. കോളനി കുഴൽക്കിണർ നിർമ്മാണം | 39360 | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് |
| 20 | 218 | പാതിരി എസ്.ടി. കോളനി കുഴൽക്കിണർ നിർമ്മാണം | 43660 | “ |
| 21 | 233 | തറപ്പത്തു കവല എസ്.സി. കോളനി കുടിവെള്ള പദ്ധതി മോട്ടോർസ്ഥാപിക്കൽ | 130000 | പി.ഡബ്ലിയു ഡി ഇലക്ട്രിക്കൽ സെക്ഷൻ |
| 22 | 237 | കൊളവള്ളി എസ്.ടി. കോളനി കുഴൽക്കിണർ നിർമ്മാണം | 73300 | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് |
| 23 | 238 | കാപ്പിസെറ്റ് മുതലിമാരൻ കോളനി കുഴൽക്കിണർ നിർമ്മാണം | 39360 | “ |
| | | ആകെ | 4271152 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിൻറെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായപ തുകയുടേയും വിശദ വിവരങ്ങൾ

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായപ തുക | തൻ വർഷം വായ്പ എടുത്ത തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് . ഭവന പദ്ധതി | സ.ഉ(സാ) നം. 222/2010 / തസ്വഭവ തിയ്യതി. 21.01.2010 | 27208500 | 0 | 4857645 | 970000 | 0 | 3887645 |
| അനുഗ്രഹ ഭവന നിർമ്മാണ പദ്ധതി | 1) സ.ഉ (എം.എസ്)83/13 /തസ്വഭവ തിയ്യതി.11.03.2011 2)210/ഡിബി1 /15/തസ്വഭവ തിയ്യതി. 15.09.2015 | 20000000 | 4500000 | 9930767 | 1116000 | 1361641 | 13314767 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 271420/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹1000000/- |

| | |
|---|---|
| ആകെ | ₹1271420/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹1271420/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. | |
| നിക്ഷേപത്തിൻറെ വിവരം | തുക |
| സബ് ട്രഷറി , പുൽപ്പള്ളി , | 271420 |
| വയനാട് ജില്ലാ സഹകരണ ബാങ്ക് , പുൽപ്പള്ളി | 500000 |
| മുള്ളൻകൊല്ലി സർവീസ് സഹകരണ ബാങ്ക് | 500000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
| 1997-98 | 51,36 | 2001-02 10 | വാർദ്ധക്യകാല പെൻഷൻ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 15594/- രൂപയിൽ 10974/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയോ പെൻഷൻ ഫണ്ട് ലഭിക്കേണ്ട വ്യക്തികൾക്ക് കൊടുക്കുക യോ ചെയ്യാതെ തിരിമറി നടത്തി.<br><br>പിരിവ് തുകയിൽ 5405/- | 1997-98 ഓഡിറ്റ് വർഷവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ എന്നവർ ബന്ധപ്പെട്ട തുകയായ 10974/- രൂപ 06.01.2015 തിയ്യതിയിലെ 11401105036 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിരുന്നുവെങ്കിലും പരാമര്ശം ഒഴിവാക്കിയതായുള്ള |

| | | | | |
|---|---|---|---|---|
| | | | രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തി. | അറിയിപ്പ് ലഭ്യമായിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.<br>പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തിയ 5405/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രശീതി നമ്പർ 52979/84 തിയ്യതി 09.09.2008, 52982/34 തിയ്യതി 21.10.2008, 429/51 തിയ്യതി 29.12.2008, 445/28 തിയ്യതി 20.03.2009 ആയത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിരുന്നു വെങ്കിലും പരാമർശം ഒഴിവാക്കിയതായുള്ള അറിയിപ്പ് ലഭ്യമായിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 38(1) | 2002-03 VII 12.3(iii) | വിനോദനികുതി ബാക്കി ടിക്കറ്റുകൾ തിരിച്ചേൽപ്പിക്കാത്തതുമൂലം നഷ്ടം | വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം വന്ന 3938/- രൂപ പലിശ സഹിതം ഉത്തരവാദിയായ ശ്രീ പി കേശവൻ എന്നവരിൽ നിന്നും ഈടാക്കുന്നതിന് 21.10.2008 തിയ്യതിയിൽ എ4-2510/08 നമ്പർ പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് അപേക്ഷിച്ചിരുന്നുവെ ങ്കിലും പലിശ അടവ് വരാത്തതിനെ തുടർന്ന് ആയതിൻറെ പലിശകൂടി ഈടാക്കുന്നതി നുള്ള നടപടിക്കായി വൈത്തിരി തഹസിൽദാർക്ക് ന്ൽകുകയും ചെയ്തിരുന്നു. ആയതിൻറെനിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് |

| | | | | |
|---|---|---|---|---|
| | | | | കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 39 | 2002-03 VII 12.3(iv) | മണൽ വില്പനയിലെ ക്രമക്കേടുകൾ വൻനഷ്ടം | ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ എന്നവരില്നിഷന്നും തുക ഈടാക്കുന്നതിന് 16.07.2008 തിയ്യതിയിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കു ന്നതിന് അപേക്ഷ നല്കി6യിട്ടുള്ളതും ഇതിനെതിരെ ടിയാൻ ഡബ്ലിയു.പി.സി 37588/2008 നമ്പറായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് ടി എ 3125/12 നമ്പറായി മാറ്റുകയും റവന്യു റിക്കവറി തുടരുന്നതിന് ട്രൈബ്യൂണൽ ഉത്തരവായതിനെ തുടര്ന്ന്യ 22/10/2018 ന് ഓണ്ലൈ ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. |
| 1998-99 | 49 | 2002-03 VII-.12.3.(v) | കർഷകതൊഴിലാളി പെൻഷൻ തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ അടച്ചില്ല | ഉത്തരവാദിയായ ശ്രീ. കേശവൻ സെക്രട്ടറിയുടെ പേരിൽ കർഷക തൊഴിലാളി പെൻഷൻ തിരിച്ച് വന്ന തുക 2500/- രൂപയും 18% പലിശ 4200/- രൂപയും ഉൾപ്പെടെ ആകെ 6700/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള റിക്വിസി ഷൻ ഓൺലൈൻ മുഖേന 16.08.2012 ന് ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് തുടർനടപടിക്കായി ആർ.ആർ.സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | | | | വൈത്തിരി തഹസിൽദാർക്ക് ന്ൽകുകയും ചെയ്യിട്ടു ണ്ട്. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 51 | 2002-03 VII-12.3.(vi) | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കി | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 04/10/2009 ലെ എ4-2510/08- നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.പി.കേശവൻ ജില്ലാ കോടതിയിൽ ഒ.പി.34/2011 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടിയാൻ യഥാസമയം കോടതിയിൽ ഹാജരാകാത്ത തിനെ തുടർന്ന് പഞ്ചായത്തിന് അനുകൂലമായി വിധി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൻ വീണ്ടും അപ്പീൽ നൽകിയിട്ടുള്ളതും ആയത് കോടതി തള്ളുകയും ചെയ്യതിനെ തുടർന്ന് 08/11/2016 ന് റവന്യൂ റിക്കവറി തുടരുന്നതിന് അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം |

| | | | | | |
|---|---|---|---|---|---|
| | | | | ബോധിപ്പിക്കുന്നു. | |
| | | | | ഈ കാലഘട്ടത്തിൽ ഈ ഓഫീസിൽ ജോലി ചെയ്തി രുന്ന ജീവനക്കാർക്ക് ബാദ്ധ്യത തിട്ടപ്പെടുത്തി നല്കിഘയതിൽ ശ്രീ ശിശുപാലൻ ജൂനിയർ സൂപ്രണ്ട് 3689/-രൂപയുടെ പലിശ സഹിതം ആകെ 4132/-രൂപയും, സി.പത്മനാഭൻ സെക്രട്ടറി എന്നവർ 2205/-രൂപയും അടച്ചിട്ടുണ്ട്.<br>നോട്ടീസ് നല്കിയയവരിൽ ശ്രീ ടി സചീന്ദ്രൻ,ശ്രീ മണി സി,ശ്രീ മാനുവൽ കൊറിയ,ശ്രീ ടി കെ അശോകൻ,ശ്രീ പി എൻ രാംദാസ് എന്നീ 5 പേർ ബാധ്യതയില്നിന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യര്ത്ഥിലച്ച് സമര്പ്പി ച്ച മറുപടി 21/11/2011 തിയ്യതിയിലെ എ4-14761/11 നമ്പർ കത്ത് പ്രകാരം ബഹു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്ക്ക് സമര്പ്പി ച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.<br>വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച മുൻ സെക്രട്ടറി ശ്രീ.കെ. സുരേഷ് എന്നവര്ക്ക് തൊഴില്നിധകുതി ഇനത്തിൽ കുടിശ്ശികയായ 1519/- രൂപയും ആയതിന്റെ പിഴപ്പലിശയായ 3220/- രൂപയും ഉള്പ്പെ്ടുത്തി ആകെ 4739/-രൂപയുടെ ബാധ്യത സര്ട്ടിഫിക്കറ്റ് ബഹു. പഞ്ചായത്ത് ഡയറക്ടര്ക്ക്യ നല്കീയതിന്, ടിയാന് സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്ക് നല്കിിയ പ്രൊമോഷനുകൾ ക്രമവല്ക്ക്രിക്കുന്നതിനായുള്ള അപേക്ഷ സര്ക്കാ്യരിന്റെ പരിഗണനയിൽ ആയതിനാൽ ടിയാന് താത്കാലിക പെന്ഷകൻ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ടിയാന്റെയ വകുപ്പുതല ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ലായെന്ന വിവരവും 17/12/2011 | |

| | | | | | |
|---|---|---|---|---|---|
| | | | | തിയ്യതിയിലെ എച്ച്2-16212/2010 നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകടർ അറിയിച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.<br>ബാധ്യത തിട്ടപ്പെടുത്തി നല്കിയിട്ടുള്ളവരിൽ മുൻ സെക്രട്ടറി ശ്രീ ടി.പി. ബാലൻ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br>ശ്രീ. കെ. എം. രവീന്ദ്രൻ , എന്നവർ കല്പ്പിറ്റ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കേസ് ഡിസ്മിസ് ചെയ്തതിനാൽ ടിയാന്റെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 61734/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2602/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br>ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവര്ക്ക്0 ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 19028/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2600/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br>ശ്രീ പി കേശവൻ എന്നവര്ക്ക്് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 6154/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2601/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br>ശ്രീ പി പത്മകുമാർ എന്നവര്ക്ക് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 11768/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2603/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈംൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |

| | | | | |
|---|---|---|---|---|
| | | | | |
| 1999-00 | 62 | 2003-04 3.12.5.1 | പെരിക്കല്ലൂർ വെട്ടത്ത് കവല റോഡ് സോളിംഗ് - പ്രവൃത്തിക്ക് അധികം കൊടുത്ത 27863/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തേമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ പി കേശവൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന് ടിയാന് |

| | | | | |
|---|---|---|---|---|
| | | | | എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 1999-00 | 65 | 2003-04 3.12.5.2 | മാടൽപ്പാലം കുടിയാൻമല റോഡ് സോളിംഗ്-പ്രവൃത്തിക്ക് അധികം കൊടുത്ത 45058/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തോമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ പി കേശവൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യു.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | | തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 1999-00 | 66 | 2003-04 3.12.5.3 | പാറക്കടവ് കുടിവെള്ള പദ്ധതി-അധികം കൈവശം വെച്ച 13583/രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തോമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി3-209/2018 |

| | | | | |
|---|---|---|---|---|
| | | | | നമ്പർ കത്ത് പ്രകാരം അറിയിച്ചു.ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 1999-00 | 70 | 2003-04<br>3.12.5.4 | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കിട<br>പ്രസ്തുത പണിയ്ക്ക് 11.01.99-ൽ 24.9% അധിക നിരക്കിൽ ടെണ്ടർ സമര്പ്പി ച്ച മാനന്തവാടി മൈനിംഗ് & മരാമത്ത് വര്ക്കേ ഴ്സ് | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ പി കേശവൻ, വിഷ്ണുഭവൻ, പനങ്കണ്ടി പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 04.10.2009 ലെ എ4-2510/08 നമ്പർ റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നു. കണിയാമ്പറ്റ വില്ലേജിൽ ടിയാന് സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലായെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി |

| | | | | |
|---|---|---|---|---|
| | | | സഹകരണ സംഘം 27.01.99-ൽ എഗ്രിമെന്റ് വയ്ക്കുന്ന സമയത്ത് 30% അധിക നിരക്ക് ആവശ്യപ്പെടുകയും അതനുസരിച്ച് അന്തിമ ബില്ലിൽ ആകെ മൂല്യത്തിന്റെന കൂടെ 30% അധിക നിരക്ക് കൂട്ടിയാണ് തുക നല്കിറയത്. അംഗീകരിച്ച ടെണ്ടറിൽ നിന്നും വ്യത്യസ്തമായി (24.9%-ന് പകരം 30%) തുക നല്കിുയതുമൂലം പഞ്ചായത്ത് ഫണ്ടിന് മൊത്തം 36,247/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. | വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമായതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു |
| 1999-00 | 71 | 2003-04<br>3.12.5.5 | ആയുർവേദാശുപത്രി വൈദ്യുതീകരണം-ടി പ്രവൃത്തിക്ക് അധികം പിൻവലിച്ച 20500/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു. | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ കെ കെ അബ്ദുൾ റഹ്മാൻ,മാങ്ങാട്ട് വീട്,പാലാരിമംഗലം പി ഒ,എറണാകുളം ജില്ല എന്നവരിൽ നിന്നും 20500/-രൂപയുടെ പലിശയടക്കം 64328/-രൂപ വസൂലാക്കുന്നതിന് 18/01/2018 ലെ 2018/81/12 നമ്പർ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിക്കുകയും ആയതിൽ 15/12/2018 വരെ 55336/-രൂപ അടവ് വന്നിട്ടുമുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2000-01 | 15(1)<br>15(2) | 2004-05<br>3.12.3.1 | തിരിച്ചടച്ച സമാഹരണ മുൻകൂറിന് പിഴപലിശ ചുമത്തിയില്ല | കടമാൻതോട് തടയണ എന്ന പ്രവർത്തിയുടെ കൺവീനറായ ശ്രീ. ജോർജ്ജ് തോമസ്, കണ്ടംതുരുത്തിയിൽ എന്നവർക്ക് 87500/- രൂപ നൽകിയതിൽ 75000/- രൂപ 31.03.2002 |

| | | | | |
|---|---|---|---|---|
| | | | | തിയ്യതിയിൽ തിരിച്ചടച്ചിരുന്നു. ബാക്കിവരുന്ന 12500/- രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. അതിൻറെ അടിസ്ഥാനത്തിൽ 33580/- രൂപ പാടിച്ചിറ വില്ലേജ് ഓഫീസർ മുഖേന പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. പലിശയിനത്തിൽ അടവാക്കാനുള്ള ബാക്കി തുകയ്ക്ക് 09/01/2015 തിയ്യതിയിൽ കത്ത് നൽകുകയും ആയത് പ്രകാരം 18/03/2015 തിയ്യതിയിൽ 18242/- രൂപ 11401106770 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുമുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് ബോധിപ്പി ക്കുന്നു. |
| 2000-01 | 10 | 2004-05<br>3.12.3.2 | ഇന്ദിരാവികാസ് പത്ര- 10000/- രൂപ അപഹരിച്ചു. | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓൺലൈൻ ആയതിനെ തുടർന്ന് 30/11/2018 ലെ 2018/2597/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓൺലൈൻ റിക്വസിഷൻ സമർപ്പിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2000-01 | 23(A)<br>24(1)<br>24(2) | 2004-05<br>3.12.3.3 | പെൻഷൻ , വേതന തുകകൾ അപഹരിച്ചു. | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | | റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓൺലൈൻ ആയതിനെ തുടർന്ന് 30/11/2018 ലെ 2018/2598/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓൺലൈൻ റിക്വസിഷൻ സമർപ്പിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2001-02 | 14 | 2004-05 3.12.3.4 | മരാമത്ത് വേലക്ക് അവസാന ബില്ല് തീർപ്പാക്കിയ ശേഷം ചെലവ് | പാടിച്ചിറ പ്രൈമറി ഹെൽത്ത് സെൻറർ കെട്ടിട നിർമ്മാണത്തിന് അവസാന ബില്ല് തീർപ്പാക്കി നാല് മാസത്തിനുശേഷം ഗ്രാമപഞ്ചായത്ത് 40000/- രൂപ നൽകിയത് സംബന്ധിച്ച് തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ ഡബ്ല്യൂ.പി.സി. 12731/2009 നമ്പറായി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി 24/04/2009 ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തു. ടി കേസ് ടി.എ.-927/2013 നമ്പറായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റി.ട്രൈബ്യൂണൽ റവന്യൂ റിക്കവറി റദ്ദാക്കി കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് 1963 പ്രകാരം തുക ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് 29/11/2017 തിയ്യതി ബഹു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയും, ആയതിന് തുടർനടപടി സ്വീകരിക്കേണ്ടത് ജില്ലാ കളക്ടറായതിനാൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചതിനെ തുടർന്ന് ബഹു. വയനാട് ജില്ലാ കളക്ടർക്ക് 14/03/2018 ലെ എ4-7582/17 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | |
| 1999-00 | 70 | 2004-05 3.12.3.5 | സഹകരണ സംഘത്തിന് ലാഭകരമായി ടെണ്ടർ അധികം നൽകി | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 04/10/2009 ലെ എ4-2510/08- നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.പി.കേശവൻ ജില്ലാ കോടതിയിൽ ഒ.പി.34/2011 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടിയാൻ യഥാസമയം കോടതിയിൽ ഹാജരാകാത്ത തിനെ തുടർന്ന് പഞ്ചായത്തിന് അനുകൂലമായി വിധി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൻ വീണ്ടും അപ്പീൽ നൽകിയിട്ടുള്ളതും ആയത് കോടതി തള്ളുകയും ചെയ്തതിനെ തുടർന്ന് 08/11/2016 ന് റവന്യൂ റിക്കവറി തുടരുന്നതിന് അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2001-02 | 2(1)A | 2005-06 2.83.1 | തൊഴിൽ നികുതി : കുടിശ്ശിക പിരിവിൽ അലംഭാവം; 1.64 ലക്ഷം | ഈ കാലഘട്ടത്തിൽ ഈ ഓഫീസിൽ ജോലി ചെയ്തി രുന്ന ജീവനക്കാര്ക്ക് ബാദ്ധ്യത തിട്ടപ്പെടുത്തി നല്കിഓയതിൽ ശ്രീ ശിശുപാലൻ |

| | | | | | |
|---|---|---|---|---|---|
| | | | നഷ്ടം | ജൂനിയർ സൂപ്രണ്ട് 3689/-രൂപയുടെ പലിശ സഹിതം ആകെ 4132/-രൂപയും, സി.പത്മനാഭൻ സെക്രട്ടറി എന്നവർ 2205/-രൂപയും അടച്ചിട്ടുണ്ട്.<br>നോട്ടീസ് നല്കിനയവരിൽ ശ്രീ ടി സചീന്ദ്രൻ,ശ്രീ മണി സി,ശ്രീ മാനുവൽ കൊറിയ,ശ്രീ ടി കെ അശോകൻ,ശ്രീ പി എൻ രാംദാസ് എന്നീ 5 പേർ ബാധ്യതയില്നിശന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യര്ത്ഥി്ച്ച് സമര്പ്പിച്ച മറുപടി 21/11/2011 തിയ്യതിയിലെ എ4-14761/11 നമ്പർ കത്ത് പ്രകാരം ബഹു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്ക്ക്ക സമര്പ്പിച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച മുൻ സെക്രട്ടറി ശ്രീ.കെ. സുരേഷ് എന്നവര്ക്ക്് തൊഴില്നികുതി ഇനത്തിൽ കുടിശ്ശികയായ 1519/- രൂപയും ആയതിന്റേ പിഴപ്പലിശയായ 3220/- രൂപയും ഉള്പ്പെ്ട്ടുത്തി ആകെ 4739/-രൂപയുടെ ബാധ്യത സര്ട്ടിപഫിക്കറ്റ് ബഹു. പഞ്ചായത്ത് ഡയറക്ടര്ക്ക് നല്കിയതിന്, ടിയാന് സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്ക് നല്കി്യ പ്രൊമോഷനുകൾ ക്രമവല്ക്കഡരിക്കുന്നതിനായുള്ള അപേക്ഷ സര്ക്കാ്രിന്റെയ പരിഗണനയിൽ ആയതിനാൽ ടിയാന് താത്കാലിക പെന്ഷ ൻ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ടിയാന്റെി വകുപ്പുതല ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ലായെന്ന വിവരവും 17/12/2011 തിയ്യതിയിലെ എച്ച്2-16212/2010 നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകടർ അറിയിച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.<br>ബാധ്യത തിട്ടപ്പെടുത്തി നല്കി യിട്ടുള്ളവരിൽ മുൻ സെക്രട്ടറി ശ്രീ ടി.പി. ബാലൻ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br>ശ്രീ. കെ. എം. രവീന്ദ്രൻ , എന്നവർ കല്പ്പ്റ്റ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കേസ് ഡിസ്മിസ് ചെയ്തതിനാൽ ടിയാന്റെറ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 61734/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2602/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈകൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |

| | | | | |
|---|---|---|---|---|
| | | | | ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവര്ക്ക്് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 19028/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2600/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈ0ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br>ശ്രീ പി കേശവൻ എന്നവര്ക്ക്് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 6154/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2601/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈ/ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>ശ്രീ പി പത്മകുമാർ എന്നവര്ക്ക്ക ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 11768/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2603/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈ/ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2001-02 | 3-7 | 2005-06 2.83.2 | തൊഴിൽരഹിത വേതന വിതരണം- ബാക്കി തുക തിരികെ ഒടുക്കിയില്ല | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പി ച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓൺലൈൻ ആയതിനെ തുടർന്ന് 30/11/2018 ലെ 2018/2599/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓൺലൈൻ റിക്വസിഷൻ സമർപ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹114538034/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹102643118/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹676495/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹14519405/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3.2 | | 88500/- രൂപ | ശ്രീമതി .ബീന വർഗ്ഗീസ്സ് ,അസി.സെക്രട്ടറി |
| 3-4 | | 160995/- രൂപ | ശ്രീമതി വിന്നി ജോൺ,അസി.എൻജിനീയർ |
| 3.10(ഡി) | | 7000/- രൂപ | ഡോ.അബ്ദുൾ റഹ്മാൻകുട്ടി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3.12(ബി)(I)(i) | | 2,00000/- രൂപ | ശ്രീ.ബിനീഷ് വർഗ്ഗീസ്,വി.ഇ.ഒ |
| | | 20000/- രൂപ | ശ്രീ.സാജൻ,വി.ഇ.ഒ |
| 3.12(സി)(III) | | 200000/- രൂപ | ശ്രീ.ബിനീഷ് വർഗ്ഗീസ്,വി.ഇ.ഒ |
| ആകെ | | 6,76,495/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 22,57,000/- | ശ്രീമതി .ബീന വർഗ്ഗീസ്സ് ,അസി.സെക്രട്ടറി |
| 3-1 (2) | 16,61,472/- | എൻ.എ. ജയരാജൻ,സെക്രട്ടറി |
| 3-3 | 11,35,000/- | ശ്രീമതി .ബീന വർഗ്ഗീസ്സ് ,സെക്രട്ടറി( ഇൻ ചാർജ്ജ്) |
| 3-9 | 1,30,000/- | ശ്രീമതി വിന്നി ജോൺ,അസി.എൻജിനീയർ |
| 3-10(ബി) | 1,00,208/- | ഡോ.അബ്ദുൾ റഹ്മാൻകുട്ടി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-10(സി) | 9,800/- | ഡോ.അബ്ദുൾ റഹ്മാൻകുട്ടി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-11 | 41,323/- | ഡോ.അബ്ദുൾ റഹ്മാൻകുട്ടി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-12 | 21,20,000/- | ശ്രീ.സാജൻ,വി.ഇ.ഒ |
| | 66,82,602/- | ശ്രീ.ബിനീഷ് വർഗ്ഗീസ്,വി.ഇ.ഒ |
| 3-14 | 3,82,000/- | ശ്രീമതി.ടാനി തോമസ്സ്,കൃഷി ഓഫീസർ |
| ആകെ | 1,45,19,405/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-15,3-16,3-17

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി .ബീന വർഗ്ഗീസ്സ് ,അസി.സെക്രട്ടറി | തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി | തലച്ചിറ,വീട്<br>നല്ലൂർനാട് പി.ഒ. മാനന്തവാടി-670645 |
| ശ്രീമതി വിന്നി ജോൺ,അസി.എൻജിനീയർ | അസി.എൻജിനീയർ,പി.ഡബ്യുഡി റോഡ്സ്,കൽപ്പറ്റ | തൊട്ടിയിൽ വീട്,പുൽപ്പള്ളി-673579 |
| ഡോ.അബ്ദുൾ റഹ്മാൻകുട്ടി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,പാടിച്ചിറ | കാട്ടിൽ വീട്,കൊടക്കാട് പി.ഒ,മലപ്പുറം-671310 |
| ശ്രീ.ബിനീഷ് വർഗ്ഗീസ്,വി.ഇ.ഒ | വി.ഇ.ഒ,തരിയോട് ഗ്രാമപഞ്ചായത്ത് | തൈക്കണ്ടിൽ,ഭൂതാനം കോളനി,പുൽപ്പള്ളി- പി.ഒ-673579 |
| ശ്രീ.സാജൻ,വി.ഇ.ഒ | വി.ഇ.ഒ,തിരുനെല്ലി | പുതുശ്ശേരിയിൽ |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | വീട്,പുൽപ്പള്ളി-673579 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യു).പി2/198 തീയതി 30.06.18 |
| 1997-98 | എൽ.എഫ് (ഡബ്ല്യു).പി2/198 തീയതി 30.06.18 |
| 1998-99 | എൽ.എഫ്(ഡബ്ല്യു).പി1/299/02 തീയതി 30.06.18 |
| 1999-00 | എൽ.എഫ് (ഡബ്ല്യു).പി4/121/03തീയതി 01.07.18 |
| 2000-01 | എൽ.എഫ് (ഡബ്ല്യു).പി5/182/04 തീയതി 06.10.05 |
| 2001-02 പ്ലാൻ | എൽ.എഫ് (ഡബ്ല്യു).പി4/439/04 തീയതി 07.05.05 |
| 2001-02 | എൽ.എഫ് (ഡബ്ല്യു).പി4/93/05 തീയതി 13.02.08 |
| 2002-03 | എൽ.എഫ് (ഡബ്ല്യു).പി4/511/06തീയതി 12.02.08 |
| 2003-04 | എൽ.എഫ് (ഡബ്ല്യു).പി4/405/07 തീയതി 06.03.08 |
| 2004-05 | എൽ.എഫ് (ഡബ്ല്യു).പി4/565/09 തീയതി 01.01.10 |
| 2005-06 | എൽ.എഫ് (ഡബ്ല്യു).പി4/566/09 തീയതി 01.01.10 |

| | |
|---|---|
| 2006-07 | എൽ.എഫ് (ഡബ്ല്യൂ).പി4/227/11 തീയതി 23.12.11 |
| 2007-08 | എൽ.എഫ് (ഡബ്ല്യൂ).പി4/228/11 തീയതി 28.12.11 |
| 2008-09 | എൽ.എഫ് (ഡബ്ല്യൂ).പി4/183/12 തീയതി13.03.12 |
| 2009-10 | എൽ.എഫ് (ഡബ്ല്യൂ).പി4/327/12 തീയതി 24.08.12 |
| 2010-11 | എൽ.എഫ് (ഡബ്ല്യൂ).പി3/636/13 തീയതി 09.10.13 |
| 2011-12 | എൽ.എഫ് (ഡബ്ല്യൂ).പി3/150/14 തീയതി 28.03.16 |
| 2012-13 | എൽ.എഫ് (ഡബ്ല്യൂ).പി3/150/14 തീയതി 28.03.16 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-481/15തിയ്യതി 17.03.08 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-441/16തിയ്യതി 17.03.18 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-632/17 തിയ്യതി 16.03.18 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-574/17 തീയതി 19.10.18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം - 2

## വാർഷിക കണക്കിൽ പരിഹരിക്കാത്തവ.

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാൻ കഴിയുന്നവ പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ട്. ഇനിയും പരിഹരിക്കാത്തവ ചുവടെ ചേർക്കുന്നു.

1അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്),

പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ-എന്നിവ വാർഷികക്കണക്കുകളോടൊപ്പം ഇല്ല.

2.വസ്തുനികുതി സഞ്ചയയിലെ വരവും സാംഖ്യവരവും പൊരുത്തപ്പെടുന്നില്ല.

3..ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

5.സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ഡിപ്രീസിയേഷൻ നൽകി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ B11 പത്രികയുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

6.ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ /സംയുക്ത പ്രോജക്റ്റിനുള്ള തുകകൾ ബാലൻസ്ഷീറ്റിൽ liability ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽമുൻവർഷങ്ങളിൽ ലഭിച്ച ജില്ലാപഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ നിലവിലും ചെലവഴിക്കാതെയും തിരിച്ചടക്കാതെയും അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

7.നിർവ്വഹണോദ്യോഗസ്ഥർ “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല.4257738 രൂപയുടെ Deposit work ഉണ്ടെങ്കിലും Advance to implementing agencies” എന്ന ഹെഡിൽ 70379 മാത്രമേ ചെലവുള്ളൂ.

8.വി.ഇ.ഒ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.വെറ്റിനറി സർജൻ,അസിസ്റ്റന്റ്

സെക്രട്ടറി എന്നിവർ T.R.7A cashbook എഴുതുന്നില്ല.എല്ലാ നിർവഹണോദ്യോഗസ്ഥരും സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

9.ബാലൻസ് ഷീറ്റിൽ "State Govt cesses /levies in property tax”(library cess ) എന്ന ഇനത്തിലുള്ള തുക 3306ഏന്നാണ് ചേർത്തിരിക്കുന്നത്.ബാലൻസ് ഷീറ്റിലെ (വസ്തുനികുതി കുടിശ്ശിക + തൻവർഷകുടിശ്ശിക തുക) x 5)/105=1838 ആണ് വരേണ്ടത്.

മേൽപ്പറഞ്ഞ അപാകതകൾ ഈ വർഷത്തെ അക്കൌണ്ടിൽ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്.